# ലൂർദ് ജ്യോതി

പാരിഷ് ബുള്ളറ്റിൻ, ചെമ്പേരി



## ബസിലിക്ക പ്രഖ്യാപന പതിപ്പ്

വാല്യം 10 । ലക്കം 2 । 2024 ഓഗസ്റ്റ് । സെപ്തംബർ । ഒക്ടോബർ

lourdejyothi@gmail.com



# ലൂർദ് ജ്യോതി


പാരിഷ് ബുള്ളറ്റിൻ
ലൂർദ് മാതാ ഫൊറോന ചർച്ച്
ചെമ്പേരി, ഫോൺ: 9400062733
2024 ഓഗസ്റ്റ്-സെപ്റ്റംബർ-ഒക്ടോബർ





**രക്ഷാധികാരി**
റവ.ഫാ.ജോർജ് കാഞ്ഞിരക്കാട്ട്
Mob: 9400897861

**സഹരക്ഷാധികാരികൾ**
റവ.ഫാ. അമൽ ചെമ്പകശ്ശേരി
റവ.ഫാ. ആൽബിൻ അമ്പാട്ടുപറമ്പിൽ

**ചീഫ് എഡിറ്റർ**
ശ്രീ. ജ്യോതിരാജ് അയ്യങ്കാനാൽ
ഫോൺ: 9447086681

**അസോസിയേറ്റ് എഡിറ്റർ**
ശ്രീ.സിബി പുന്നക്കുഴിയിൽ
ഫോൺ: 9447548451

**സെക്രട്ടറി**
ശ്രീ. സജിത്ത് കൊച്ചുപറമ്പിൽ

**എഡിറ്റേഴ്സ്**
ശ്രീ.സജീവ് ചെറുവത്തൂർ
ശ്രീ. ജോസ് കാളിയാനിയിൽ
ശ്രീ. ഷൈബി കുഴിവേലിപ്പുറത്ത്
സി. ഗ്രാസിയ FCC
സി. തേജസ് DST
ശ്രീമതി. ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ
ശ്രീ. അഖിൽ മുതുകുളത്തിൽ

**അഡ്വർടൈസ്മെന്റ് & സർക്കുലേഷൻ**
ശ്രീ.സുനിൽ കണ്ടത്തിൽ
ശ്രീ.ജുവൽ കൊട്ടാരത്തിൽ
ശ്രീ. ജോയി പുതുമനക്കുന്നത്ത്

**ആർട്ടിസ്റ്റ്**
ശ്രീ.എബി പൂവേലിൽ

**വിതരണം**
വാർഡ് പ്രതിനിധികൾ

*Layout & Printing*
XPRESS
OFFSET & DIGITAL PRINTING
www.xpressprinters.co.in
*xpress4printing@gmail.com*


## ഉൾത്താളുകൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ലൂർദ്മാതാ ബസിലിക്ക | 3 |
| ലോഗോസ് ബൈബിൾ ക്വിസ് | 4 |
| ബസിലിക്ക എന്നാൽ | 5 |
| ഇടവകാഗാനം -രചനയുടെ പശ്ചാത്തലം | 9 |
| ആർത്തുവിളിക്കാം ഈ ശുഭവേളയിൽ | 11 |
| സ്വസ്തി - സ്വർല്ലോക റാണി | 12 |
| ചെമ്പേരി - കുടിയേറ്റ ചരിത്രാവലോകനം | 14 |
| വി.ഫ്രാൻസിസിന്റെ ചരിത്രത്താളുകളും ആത്മീയതയും ജീവിതാനുഭവങ്ങളും | 17 |
| ലൂർദ്മാതാവിന്റെ തിരുസന്നധിയിൽ യാത്രാവിവരണം | 21 |
| പ്രാർത്ഥനയുടെ ശക്തി ജപമാലയുടെ ഭക്തി | 33 |
| പുതുപൂക്കൾ | 36 |
| സ്വർഗ്ഗീയ ഭവനത്തിൽ | 37 |
| നവദമ്പതികൾ | 38 |

# editorial

മറിയം പറഞ്ഞു: "എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു." (ലൂക്ക 1:46)

പരി.ലൂർദ്മാതാവിന്റെ നാമത്തിലുള്ള നമ്മുടെ ഇടവക ദൈവാലയത്തെ സീറോ മലബാർ സഭയുടെ അഞ്ചാമത്തെ ബസിലിക്കയായി പരി.പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ഉയർത്തിയിരിക്കുകയാണ്. സന്തോഷത്തിലും ഏറെ അഭിമാനത്തിലുമാണ് ഇടവകാ സമൂഹം സർവശക്തനായ ദൈവത്തിന്റെ അനന്തപരിപാലനയ്ക്ക് നമുക്കൊരുമിച്ച് നന്ദി പറയാം.

കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ സാഹസികമായി എത്തിച്ചേർന്ന ആ നാടിന്റെ വികസന സ്വപ്നങ്ങൾക്ക് അടിത്തറയിട്ട് വിശ്വാസം പകർന്ന് തന്ന നമ്മുടെ മാതാപിതാക്കൻമാരുടെ ത്യാഗോജ്ജ്വലമായ ജീവിതത്തെ നമുക്ക് ഈ അവസരത്തിൽ സ്മരിക്കാം. അവർക്ക് നന്ദി പറയാം. കുടിയേറ്റ മാതാപിതാക്കൾക്ക് ആത്മീയനേതൃത്വം നൽകിയ നമ്മുടെ ബഹുമാനപ്പെട്ട വൈദികരെ ഓർക്കാം. ഹൃദയത്തിൽ നന്ദി അർപ്പിക്കാം. അവരോടൊപ്പം ശുശ്രൂഷ ചെയ്ത് ഇടവ സമൂഹത്തെ വളർത്തിയ സന്യസ്തരെ നമുക്ക് നന്ദിയോടെ അനുസ്മരിക്കാം.

ദൈവാലയ നവീകരണ പ്രവർത്തനങ്ങൾക്കും ബസിലിക്ക പ്രഖ്യാപനത്തിനുമായി ദീർഘവീക്ഷണത്തോടെ അക്ഷീണം പ്രയത്നിച്ച ചെമ്പേരി ലൂർദ്മാതാ ബസിലിക്ക റെക്ടർ റവ.ഡോ.ജോർജ് കാഞ്ഞിരക്കാട്ട് അച്ചന് ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു. അച്ചനോടൊപ്പം ചേർന്ന് പ്രവർത്തിച്ച ബഹുമാനപ്പെട്ട കൊച്ചച്ചൻമാർ, ഇടവകാ കോർഡിനേറ്റർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, നമ്മുടെ ഇടവകയിലെ ബഹുമാനപ്പെട്ട സിസ്റ്റേർസ്, ഇടവകാ സമൂഹം എന്നിവർക്കെല്ലാം നന്ദി...

ചെമ്പേരിയുടെ സ്വർഗീയ മധ്യസ്ഥയായ പരിശുദ്ധ ലൂർദ്മാതാവ് വഴിയായി ഇനിയും ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെ...

ചെമ്പേരി ഇടവകയുടെ ബസിലിക്ക പ്രഖ്യാപനത്തിൽ ആഹ്ലാദത്തിലായിരിക്കുന്ന എല്ലാവർക്കും സ്നേഹാശംസകൾ...

**ചീഫ് എഡിറ്റർ**
**ജ്യോതിരാജ് അയ്യങ്കാനാൽ**



# ലൂർദ്മാതാ ബസിലിക്ക...



**ത**ലശ്ശേരി അതിരൂപതയ്ക്കും മലബാറിനും ദൈവം നൽകിയ വലിയ സമ്മാനമാണ് ചെമ്പേരി ലൂർദ്മാതാ ദൈവാലയത്തിന് ലഭിച്ച ബസിലിക്ക പദവി. കത്തോലിക്കാ സഭയിൽ ഒരു ദൈവാലയത്തിന് ലഭിക്കാവുന്ന ഏറ്റവും വലിയ അംഗീകാരമാണ് ബസിലിക്ക പ്രഖ്യാപനത്തിലൂടെ ചെമ്പേരി ലൂർദ്മാതാ ദൈവാലയത്തിന് ലഭിച്ചിരിക്കുന്നത്. പരിശുദ്ധ പിതാവിന്റെ ദൈവാലയം എന്ന പദവിയിലേക്കാണ് ബസിലിക്ക പ്രഖ്യാപനത്തിലൂടെ ചെമ്പേരി ദൈവാലയം ഉയർത്തപ്പെട്ടിരിക്കുന്നത്. ഒരു പ്രാദേശിക സഭയും മാർപ്പാപ്പയും തമ്മിലുള്ള ബന്ധമാണ് ഇതിലൂടെ അടയാളപ്പെടുത്തുന്നത്. സീറോമലബാർ സഭയ്ക്ക് ലഭിക്കുന്ന അഞ്ചാമത്തെ ബസിലിക്കയാണ് ചെമ്പേരിയിലേത്.

കുടിയേറ്റ ജനതയ്ക്ക് പരിശുദ്ധ ലൂർദ്മാതാവിലുള്ള ആഴമായ വിശ്വാസത്തിനും സമർപ്പണത്തിനും സ്വർഗം തുറന്ന് നൽകിയ സമ്മാനമായി നമുക്ക് ഈ അംഗീകാരത്തെ നോക്കിക്കാണാം. പരിശുദ്ധ അമ്മയുടെ സാന്നിധ്യം ഏറെയുള്ള ചെമ്പേരിയിൽ വരുന്ന എല്ലാവർക്കും മാതാവിലൂടെ ഒത്തിരി അനുഗ്രഹങ്ങൾ ലഭിക്കട്ടെ.


ദൈവാലയ നവീകരണവുമായി സഹകരിച്ച എല്ലാവരേയും പരിശുദ്ധ മാതാവിന്റെ മാധ്യസ്ഥ്യം വഴി ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ... ഒരു സമൂഹം കൂട്ടായ്മയോടെ ഒരുമിച്ച് സഹകരിച്ച് പ്രവർത്തിക്കുമ്പോൾ അസാധ്യമായതെല്ലാം ദൈവം സാധ്യമാക്കിതീർക്കും...

സ്നേഹത്തോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

വികാരിയച്ചൻ

# ലോഗോസ് ബൈബിൾക്വിസ്



## 2 കോറിന്തോസ് 7-13

1 വിശുദ്ധി പരിപൂർണമാക്കേണ്ടത് എന്തിൽ ആണ്?
2 ദൈവഹിതപ്രകാരമുള്ള ദു:ഖത്തിൽ എന്തിനവകാശമില്ല?
3 അല്പം സമ്പാദിച്ചവന് ഇല്ലാതിരുന്നത് എന്ത്?
4 ദൈവം നമ്മെ എല്ലാവിധത്തിലും സമ്പന്നരാക്കുന്നത് എന്തിന്?
5 പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ എപ്രകാരമുള്ളതാണ്?
6 താൻ എന്തിൽ പിന്നോക്കമല്ല എന്നാണ് പൗലോസ് ശ്ലീഹ പറയുന്നത്?
7 ആരാണ് പൗലോസ്ശ്ലീഹായുടെ ആവശ്യങ്ങൾ നടത്തിക്കൊടുത്തത്?
8 എന്തിനെക്കുറിച്ചാണ് പൗലോസ് ശ്ലീഹ പ്രശംസിക്കുന്നത്?
9 എത്ര തവണയാണ് പൗലോസ് ശ്ലീഹ വടി കൊണ്ടടിക്കപ്പെട്ടത്?
10 കർത്താവ് പൗലോസ് ശ്ലീഹായെ അധികാര പ്പെടുത്തിയിരിക്കുന്നത് എന്തിന് വേണ്ടിയെന്നാണ് 13-10-ൽ പറയുന്നത്?

**ശ്രീമതി ലിസ്സി ജോയി പാറത്താനത്ത്**
**ക്വിസ്മാസ്റ്റർ**

അടുത്ത ലക്കം ലൂർദ്ജ്യോതിയിൽ പ്രസിദ്ധീകരിക്കേണ്ട ലേഖനം, കഥ, കവിത (ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായവ) കത്തുകൾ, തുടങ്ങിയവ പേരും ഫോൺ നമ്പറും, ഫോട്ടോയും ഉൾപ്പെടെ 2024 നവംബർ 15 ന് മുമ്പായി പള്ളിമുറിയിൽ എത്തിക്കേണ്ടതാണ്. കവറിന്റെ പുറത്ത് ഉള്ളടക്കം രേഖപ്പെടുത്തിയിരിക്കണം.



# ബസിലിക്ക എന്നാൽ

കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനായ മാർപാപ്പയ്ക്ക് പ്രാദേശിക സഭകളോടുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതിനായി ചില പ്രത്യേക ദൈവാലയങ്ങൾക്ക് റോമിൽ നിന്നും നൽകുന്ന സവിശേഷായ പദവിയാണ് ബസിലിക്ക. ഒരു കത്തോലിക്കാ സഭയ്ക്ക് ലഭിക്കാവുന്ന ഏറ്റവും ഉന്നതമായ പദവിയാണിത്. മാർപ്പാപ്പയുടെ പള്ളി എന്നാണ് ബസിലിക്ക എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്.

നാല് മേജർ ബസിലിക്കകളാണ് കത്തോലിക്ക സഭയിലുള്ളത്. സെന്റ് പീറ്റേഴ്സ്, സെന്റ് ജോൺ ലാറ്ററൻ, സെന്റ് മേരീ മേജർ, സെന്റ് പോൾ. ഇവ നാലും റോമിൽതന്നെയാണ്. ബാക്കിയെല്ലാ ബസിലിക്കകളും മൈനർ ബസിലിക്ക എന്ന പേരിലാണ് അറിയപ്പെടുന്നത്. ഒരു ദൈവാലയത്തെ ബസിലിക്ക പദവിയിലേക്ക് ഉയർത്താൻ പ്രധാനമായും അതിന്റെ പൗരാണികവും ചരിത്രപരവുമായ മൂല്യം, വാസ്തുവിദ്യ, കലാപരമായ മൂല്യം, ആരാധന കേന്ദ്രമെന്ന നിലയിലുള്ള സവിശേഷമായ പ്രധാന്യം എന്നിവയൊക്കെയാണ് പരിശോധിക്കുന്നത്. ഒരു ബസിലിക്കയിൽ പ്രാർത്ഥിക്കുന്ന വിശ്വാസികൾ മാർപാപ്പ അനുവദിക്കുന്ന ചില പ്രത്യേക ആനുകുല്യങ്ങൾക്ക് അർഹരാണ്. ഈ ആനുകൂല്യങ്ങൾ ഒരു വ്യക്തിസഭയ്ക്കുള്ളിൽ ബസിലിക്ക പള്ളിക്ക് ആരാധനാക്രമപരമായും അജപാലനപരവുമായ പങ്ക് വഹിക്കുന്നു. ബസിലിക്കയുടെ മറ്റൊരു പ്രത്യേകത ബസലിക്ക മാധ്യസ്ഥന്റെ/മാധ്യസ്ഥയുടെ തിരുനാൾ ദിവസം, വി.പത്രോസ് പൗലോസ് അപ്പസ്തോലൻമാരുടെ തിരുനാൾ ദിനം, ബസിലിക്കയായി

ഉയർത്തപ്പെട്ടതിന്റെ വാർഷിക ദിനം, എന്നീ ദിവസങ്ങളിൽ ബസിലിക്ക സന്ദർശിച്ച് പ്രാർത്ഥിക്കുന്ന തീർത്ഥാടകർക്ക് മാർപ്പാപ്പ നിശ്ചയിച്ച പ്രകാരം സഭ ദണ്ഡവിമോചനം അനുവദിക്കുന്നു എന്നതാണ്. മൈനർ ബസിലിക്കകൾ ആരാധനക്രമത്തിന് അതീവ ഊന്നൽ കൊടുക്കുന്ന സ്ഥലങ്ങളായിരിക്കും. വ്യക്തിസഭ നിർദേശിച്ചിരിക്കുന്നതനുസരിച്ച് അതിന്റെ പാരമ്പര്യത്തിന്റെ ഭാഗമായ ആരാധനക്രമാനുഷ്ഠാനങ്ങൾ അതിന്റെ പൂർണ്ണതയിലും തനിമയിലും മൈനർ ബസിലിക്കയിൽ അനുഷ്ഠിക്കപ്പെടും.

പരിശുദ്ധ ലൂർദ്മാതാവിന്റെ നാമത്തിലുള്ള ചെമ്പേരി പള്ളി ബസിലിക്കയായി മാറുമ്പോൾ കുടിയേറ്റ ജനതയുടെ വിശ്വാസ പൈതൃകത്തിന് പരിശുദ്ധ മാതാവിന്റെ നാമത്തിൽ ലഭിച്ച അംഗീകാരം കൂടി ആണെന്ന് നിസംശയം പറയാം. കാരണം പ്രതിസന്ധിയുടെയും പട്ടിണിയുടെയും തോരാത്ത വറുതിയുടെയും കാലത്ത് കത്തോലിക്ക സഭയോടും പള്ളിയോടും ചേർന്ന് നിന്നവരാണ് കുടിയേറ്റ ജനത. ആ ജനതയുടെ പരിച്ഛേദമാണ് ചെമ്പേരിയുടെ മണ്ണിൽ മുഴുവൻ അലിഞ്ഞുചേർന്നിട്ടുള്ളത്. അതുകൊണ്ട് തന്നെ ഈ ബസിലിക്ക ചെമ്പേരിക്ക് ലഭിക്കുമ്പോൾ നമുക്ക് അർഹിക്കുന്ന അംഗീകാരം തന്നെയാണ് ലഭിച്ചതെന്ന് അഭിമാനിക്കാം.

1954–ലാണ്ചെമ്പേരിക്ക് സ്ഥിരമായി ഒരു വികാരിയെ ലഭിക്കുന്നതെങ്കിലും വിശ്വാസദീപം ചെമ്പേരിയുടെ കുടിയേറ്റ മക്കൾ കെടാതെ സൂക്ഷിച്ചുവെന്നത് ചരിത്രം പരിശോധിക്കുമ്പോൾ വ്യക്തമാണ്. തിരുവിതാംകൂറിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് ചെമ്പേരിയുടെ മണ്ണിലേക്ക് കുടിയേറിയ വിശ്വാസികൾ ആദ്യം അന്വേഷിച്ചത് സുരക്ഷിതമായ ഭവനം അല്ല മറിച്ച് തങ്ങളുടെ ആത്മീയ അവകാശങ്ങൾ നിർവഹിക്കാൻ ഒരു ദൈവാലയം ആയിരുന്നു. വൈദികരുടെ സേവനം ലഭ്യമാക്കാൻ എന്ത് ത്യാഗവും സഹിക്കാൻ ചെമ്പേരിയിലെ ദൈവജനം തയ്യാറായിരുന്നു എന്നതിന്റെ തെളിവാണ് കോഴിക്കോട് ലത്തീൻ രൂപതയിൽ നിന്ന് വൈദികൻ ചെമ്പേരിയിൽ വന്ന് ആത്മീയ കാര്യങ്ങൾ നിർവഹിച്ചുവെന്ന വസ്തുത. 1948 ൽ സ്ഥാപിക്കപ്പെട്ട ചെമ്പേരി ഇടവക തലശ്ശേരി അതിരൂപത സ്ഥാപിക്കപ്പെടുന്നതിനു

മുൻപേ ആത്മീയ ശുശ്രൂഷകൾക്കായിആശ്രയിച്ചിരുന്നത് കോഴിക്കോട്ടുള്ള ലത്തീൻ രൂപതാ വൈദീകരെ ആയിരുന്നു.

പരിശുദ്ധ ലൂർദ്മാതാവിനോടുള്ള ഭക്തി ചെമ്പേരിയിലെ വിശ്വാസ സമൂഹത്തിന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നതാണ്. മലബാറിന്റെ മണ്ണിലേക്ക് കുടിയേറിയപ്പോൾ തങ്ങൾ നേരിട്ട വർണ്ണനാതീതമായ പ്രതിസന്ധിയുടെ സമയത്ത് ദൈവമക്കളെ സംരക്ഷിച്ചത് പരിശുദ്ധ ലൂർദ് മാതാവാണെന്ന ബോധ്യം ഈ നാട്ടിലെ ഓരോ വിശ്വാസികളുടെയും ഹൃദയത്തിലുണ്ട്. അമ്മയുടെ കൈപിടിച്ചാണ് പിന്നീട് ചെമ്പേരിനാട് നേടിയതെല്ലാം എന്ന് ഇവിടത്തെ കുടിയേറ്റ ജനത സംശയലേശമെന്യേ സമ്മതിക്കുന്നു. ഇന്നും പരിശുദ്ധലൂർദ് മാതാവിനോടുള്ള ഭക്തിയിലും വിശ്വാസത്തിലും ഒട്ടും കുറവ് വന്നിട്ടില്ലാ എന്ന വസ്തുത വ്യക്തമാക്കുന്നതാണ് ദിവസേന ഈ ബസിലിക്കയിലേക്ക് കടന്നുവന്ന് പ്രാർത്ഥിച്ചുപോകുന്ന നാനാ ജാതി മതസ്ഥരായ നിരവധിയാളുകൾ.

## ബസിലിക്കയിലെ അടയാളങ്ങൾ

### 1. Umbraculum (കുട)

ബസിലിക്ക പദവി ലഭിക്കുന്ന ദൈവാലയത്തിലെ വളരെപ്രധാനപ്പെട്ട ഒരു അടയാളമാണ് 'ചെറിയ കുട' എന്ന് അർത്ഥമുള്ള Umbraculum. തിരുസഭയുടെയും മാർപ്പാപ്പയുടെയും ഔദ്യോഗിക നിറങ്ങളായ മഞ്ഞ, ചുവപ്പ് നിറങ്ങളടങ്ങിയ ഒരു സിൽക്ക് മേലാപ്പ് ആണ് ഈ കുട. മധ്യശതകങ്ങളിൽ മാർപാപ്പ നടത്തുന്ന എല്ലാ പ്രദക്ഷിണത്തിനും ഈ കുട ഉപയോഗിച്ചിരുന്നു. ഒരിക്കൽ ഈ കുട ഒരു മൈനർ ബസിലിക്കയിൽ സ്ഥാപിക്കപ്പെട്ടാൽ പാതിതുറന്ന നിലയിലാ യിരിക്കും കാണപ്പെടുക. ഏതു സമയവും മാർപ്പാപ്പയെ സ്വീകരിക്കാനുള്ള ഒരു മുന്നറിയിപ്പാണ് പാതിതുറന്ന ഈ കുട സൂചിപ്പിക്കുക. മൈനർ ബസിലിക്കയും പരിശുദ്ധ പിതാവും തമ്മിലുള്ള വ്യക്തിബന്ധത്തിന്റെ ദൃശ്യമായ അടയാളമാണ് ഈ കുട.

**2. Tintinnabulum (ചെറിയ മണി)**

മൈനർ ബസിലിക്കയിൽ സ്ഥാപിക്കപ്പെടുന്ന മറ്റൊരു പ്രാധാന അടയാളമാണ് ചെറിയ മണി അഥവാ ടിന്റിനബുലം. പരിശുദ്ധ പിതാവുമായുള്ള പ്രാദേശിക സഭയുടെ ബന്ധത്തെ സൂചിപ്പിക്കാൻ ഒരു തൂണിൽ ഘടിപ്പിച്ച് ബസിലിക്കയിൽ സ്ഥാപിച്ചിരിക്കുന്ന ഒരു മണിയാണിത്. മധ്യകാലഘട്ടത്തിൽ ഈ മണി ഉപയോഗിച്ചിരുന്നത് പരിശുദ്ധപിതാവിന്റെ ആഗമനത്തെ ക്കുറിച്ച് ദൈവജനത്തെ അറിയിക്കാനാണ്. ഇന്നാകട്ടെ മാർപ്പാപ്പയുടെ ശ്ലൈഹികമായ അധികാരത്തെയാണ് ഈ ചെറിയ മണികൾ സൂചിപ്പിക്കുന്നത്.

**3. Crossed keys (പേപ്പൽ കുരിശിന്റെ താക്കോലുകൾ**

ഒരു മൈനർ ബസിലിക്കയിലെ മൂന്നാമത്തെ പ്രധാനപ്പെട്ട ചിഹ്നം ക്രോസ്ഡ് കീകൾ അഥവാ പേപ്പൽ കരിശിന്റെ താക്കോലുകൾ ആണ്. ഒരു സാധാരണ ദൈവാലയത്തിൽ നിന്നും ബസിലിക്കായെ വ്യത്യസ്തമാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അടയാളമാണ് ഈ ചിഹ്നം. സുവിശേഷത്തിൽ സഭയുടെ ആദ്യത്തെ മാർപ്പാപ്പയായ പത്രോസിനെ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഈശോ ഏൽപ്പിക്കുന്നതാണ് മാർപാപ്പയുമായി ബന്ധപ്പെടുത്തി ഈ താക്കോലിനെ ചിത്രീകരിക്കാനുള്ള പ്രധാന കാരണം. മാർപാപ്പയുടെ ശ്ലൈഹീകമായ അധികാരത്തോട് ഏറ്റവും ബന്ധപ്പെട്ട് കിടക്കുന്നതാണ് ഈ താക്കോൽ ചിഹ്നം. അതുകൊണ്ട് തന്നെ ഒരു മൈനർ ബസിലിക്കയിൽ പേപ്പൽ കുരിശിന്റെ താക്കോലുകൾ സ്ഥാപിക്കപ്പെടുമ്പോൾ മാർപാപ്പയുമായുള്ള ബസിലിക്കയുടെ ബന്ധത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

ഈ മൂന്ന് അടയാളങ്ങളാണ് ഒരു ബസിലിക്കയിൽ പ്രധാനമായും സ്ഥാപിക്കപ്പെടുന്നത്. ഇതു മൂന്നും ഒരു ബസിലിക്ക പള്ളിക്ക് മാർപാപ്പയോടുള്ള അഭേദ്യമായ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്.



*ഫാ.അമൽ ചെമ്പകശ്ശേരി*



# ഇടവകാഗാനം രചനയുടെ പശ്ചാത്തലം

"നാഥേ മറിയമേ നിൻ സുതനോട് നീ
നന്മകൾ വാങ്ങിയരുളുവാനും
നിത്യസൗഭാഗ്യം കരഗതമാക്കാനും
നന്മനിറഞ്ഞോരമ്മേ യാചിക്കുന്നു...."

"ഭൂലോകരക്ഷകനേശുവിൻ മാതാവേ" എന്ന് തുടങ്ങുന്ന ചെമ്പേരി ഇടവകാ ഗാനത്തിന്റെ രചന നിർവഹിച്ചത് പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയും ഗാന്ധിയനുമായ ശ്രീ. ജോസഫ് അയ്യങ്കാനാലും (കുഞ്ഞേട്ടൻ) ഗാനത്തിന്റെ സംഗീത സംവിധാനം നിർവഹിച്ചത്. ചെമ്പേരിയിലെ ആദ്യപോസ്റ്റ് മാസ്റ്റർ ആയിരുന്ന ശ്രീ. ജോൺ മുരിങ്ങമറ്റവുമായിരുന്ന ഒരു ജനതയുടെ വേദനകളും ആശങ്കകളും സന്തോഷങ്ങളും പങ്കുവെയ്ക്കുന്ന അഭയകേന്ദ്രമായിരുന്നു 'വിളിച്ചാൽ വിളി കേൾക്കുന്ന അമ്മ'യെന്ന് കീർത്തിപ്പെട്ട ചെമ്പേരി മാതാവ്.

അന്നത്തെ ചെമ്പേരി ഇടവകാതിർത്തി ചെമ്പന്തൊട്ടി, പുലിക്കുരുമ്പ, കുടിയാൻമല, ചന്ദനക്കാംപാറ, പൈസക്കരി തുടങ്ങിയ പ്രദേശങ്ങൾ വരെ വ്യാപിച്ചുകിടന്നു. ഹോസ്പിറ്റലുകളോ മരുന്നുകളോ ഇല്ലാത്ത അക്കാലത്ത് ജനങ്ങളുടെ ഏക ആശ്രയം മാതാവും ബഹുമാനപ്പെട്ട വൈദികരുമായിരുന്നു. ഒരു കീശയിൽ 'ക്വയിന' ഗുളികയും മറുകീശയിൽ ഊറാലയുമായിട്ടായിരുന്നു അക്കാലത്ത് ബഹു.വൈദികർ സഞ്ചരിച്ചിരുന്നത്. മലമ്പനിക്കുള്ള ഏക പോംവഴി 'ക്വയിന' ഗുളിക മാത്രമായിരുന്നു. അതാകട്ടെ ലഭിക്കുക ഏളുപ്പവുമായിരുന്നില്ല. അവശ രോഗികളെ കസേരയിലിരുത്തി ചെങ്ങളായിലും അവിടെ നിന്ന് ബോട്ടിൽ വളപട്ടണത്തും എത്തിക്കും. പിന്നീട് ബസ്സിൽ കണ്ണൂരുള്ള ഏക

ഹോസ്പിറ്റലിൽ എത്തിച്ചേരാം. ഇതാകട്ടെ എപ്പോഴും സാധ്യമായിരുന്നില്ല. കാടും മേടും താണ്ടി വീടുകൾ തേടിയിറങ്ങുന്ന ബഹു:വൈദികർ അടിയന്തിരഘട്ടത്തിൽ രോഗീലേപനം നൽകാനുള്ള ഒരുക്കത്തിലായിരുന്നു യാത്രകൾ നടത്തിയിരുന്നത്.

ജനങ്ങളുടെ വേദനകളും പ്രയാസങ്ങളും നേരിട്ട് മനസ്സിലാക്കിയ ബഹു: കുര്യാക്കോസ് കുടക്കച്ചിറ അച്ചൻ എല്ലാ ആദ്യശനിയാഴ്ചകളിലും നടക്കുന്ന പ്രത്യേക കുർബാനയിലും മാതാവിന്റെ നൊവേനയിലും എല്ലാവരും കഴിവുപോലെ പങ്കെടുക്കണമെന്ന് നിർദേശിച്ചു. ദൂരസ്ഥലങ്ങളിൽ നിന്നുപോലും ധാരാളം രോഗികളും ഗർഭിണികളും തങ്ങളുടെ ഏകാശ്രയമായ മാതാവിന്റെ പക്കലെത്തി അനുഗ്രഹങ്ങൾ പ്രാപിച്ചുകൊണ്ടിരുന്നു. രോഗശാന്തിക്കായി ഉപവസിച്ച് പ്രാർത്ഥിക്കുന്നവരും അക്കൂട്ടത്തിലുണ്ടായിരുന്നു. ഈയവസരത്തിലാണ് ബഹു: വികാരിയച്ചന്റെ നിർദേശപ്രകാരം ഇടവക ജനങ്ങളെ ഒന്നായി മാതാവിന് സമർപ്പിച്ചുകൊണ്ടുള്ള ഈ ഗാനം രചിക്കപ്പെട്ടത്. പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും മക്കൾക്കായി അമ്മ അനുഗ്രഹങ്ങൾ ചൊരിഞ്ഞു കൊണ്ടിരിക്കുന്നു.

(കുടിയേറ്റകാലത്തെ കഷ്ടതകളിൽ ഏക ആശ്രയമായിരുന്ന ചെമ്പേരി മാതാവിന് ഇടവകയെ സമർപ്പിച്ചുകൊണ്ട് രചിക്കപ്പെട്ട ഇടവക ഗാനത്തിന്റെ രചനാപശ്ചാത്തലം തയ്യാറാക്കിയത് രചയിതാവിന്റെ ഇളയ സഹോദരനായ ശ്രീ. മാത്യു അയ്യങ്കനാലാണ്.)


**ലൂർദ് ജ്യോതി പരസ്യ നിരക്ക്**

| | | |
|---|---|---|
| **Back Cover Page** | **(Multi Colour)** | **Rs. 5000/-** |
| **Front Inner page** | ” | **Rs. 4000/-** |
| **Back Inner Page** | ” | **Rs. 3500/-** |
| **Inner Full Page** | ” | **Rs. 2500/-** |
| **Inner Half Page** | ” | **Rs. 1500/-** |
| **Inner Full Page** | **(Black & White)** | **Rs. 1000/-** |
| **Inner Half Page** | ” | **Rs. 500/-** |

*Contact:* **സുനിൽ കണ്ടത്തിൽ – 97 45 60 63 01**

# ആർത്തുവിളിക്കാം ...
# ഈ ശുഭവേളയിൽ

**ആ**മോദമാഹ്ലാദം ആനന്ദദായകം
ആർത്തുവിളിയ്ക്കാമീ ശുഭവേളയിൽ
ചെമ്പേരിയിൻ തിലകക്കുറിയായ് ലസിക്കുന്ന
ലൂർദ് ദേവാലയം ബസിലിക്കയായ്!

നമ്മൾതൻ മുൻപേ ഗമിച്ചതാംമറ്റുള്ള
പള്ളികൾക്കില്ലാതെ പോയൊരു സൗഭഗം
പരിശുദ്ധയമ്മതൻ പ്രാർത്ഥനാ വൈഭവം
കൊണ്ടുമാത്രമാണെന്നറിയാം നമുക്കെന്നും

എത്രയോ നാളുകൾ കാത്തിരുന്നെങ്കിലും
തത്രപ്പെടാതെ  നാം പ്രാർത്ഥിച്ചു നിത്യവും
തൽഫലമായി  ഈശനിടപ്പെട്ടു പള്ളിയെ
“ബസിലിക്ക” തന്നിലേക്കുയർത്തിയപ്പോൾ

പ്രാർത്ഥനനിതരാം യാചിച്ചോരാരുമേ
നിരാശിതരായ് പോയ ചരിത്രമില്ല;
അവരവർക്കാവിശ്യമുള്ളതാം ദാനങ്ങൾ
പൂമഴയായ് വർഷിക്കും ലൂർദ്നാഥേ

അങ്ങു കുടികൊള്ളും പവിത്രം ദൈവാലയം
ബസിലിക്ക സ്ഥാനത്തിനേറ്റമർഹം
നാടെങ്ങുമറിയുന്ന കീർത്തിയാൽ  ധന്യമാം
പരിശുദ്ധ ജനനിതൻ പുണ്യഗേഹം

മലബാറിലേറ്റം ധന്യം മരിയൻ തീർത്ഥാടന
കേന്ദ്രമായുയരട്ടെ നാൾക്കുനാളിൽ
ഈസ്ഥാനലബ്ധിക്കിടയായ കാലമോ
ആശ്ചര്യം! മെയ്മാസ വണക്കനാളിൽ.



ജോസ്
പെരുമ്പനാനിക്കൽ



# സ്വസ്തി സ്വർലോകറാണി

**1950** നവംബർ 1-ാം തിയ്യതി പരി.പിതാവ് പന്ത്രണ്ടാം പിയൂസ് മാർപാപ്പ തന്റെ തിരുമനസ്സ് കൊണ്ട് മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. തിരുസഭയുടെ ആദ്യകാലം മുതലുള്ള ചരിത്രങ്ങളും, പാരമ്പര്യങ്ങളും ലിഖിതങ്ങളുമനുസരിച്ച് പരി.അമ്മ ശരീരത്തോടും ആത്മാവോടുംകൂടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് തിരുസഭ നമ്മെ പഠിപ്പിക്കുന്നു.

സ്വർഗത്തിലേക്ക് എടുക്കപ്പെടാൻ പരി.ത്രീത്വം പ്രസാദിച്ച ഈ അമ്മ ആരായിരുന്നു? സുവിശേഷത്തിന്റെ പേജുകളിലൂടെ നാം തിരയുമ്പോൾ ചുരുക്കം ചില സന്ദർഭങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുകയും വളരെ കുറച്ച് സംസാരിക്കുകയും ചെയ്യുന്ന പരി.കന്യകാമറിയത്തെ നമുക്ക് കാണാൻ സാധിക്കും. ''ദൈവകൃപ നിറഞ്ഞവളെ സ്വസ്തി, കർത്താവ് നിന്നോട് കൂടെ '' എന്ന് സ്വർഗത്തിൽ അഭിസംബോധന ചെയ്യാൻ തക്കവിധം ജീവിച്ച അമലമനോഹരിയും കറയറ്റവളും ആയിരുന്നു നമ്മുടെ അമ്മ. അവൾ പറഞ്ഞ വാക്കുകളും ചെയ്ത പ്രവർത്തനങ്ങളും നമ്മുടെ ഗാഢമായ ചിന്തക്കും മനനത്തിനും വിധേയമാക്കേണ്ടതാണ്. ''എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു'' എന്ന് നിരന്തരം ഉദീരണം ചെയാൻ അവളുടെ അന്തരംഗത്തിന് സാധിച്ചു. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ട് കർത്താവ് അരുൾചെയ്ത കാര്യങ്ങൾ നിറവേറ്റാൻ കാത്തിരുന്ന യോഗിനി. സമ്പൂർണ്ണ സമർപ്പണത്തിന്റെയും പരിപൂർണ്ണ വിശ്വാസത്തിന്റെയും തികഞ്ഞ വിധേയത്വത്തിന്റെയും ജീവിതം ഈശോയുടെ രഹസ്യജീവിതത്തിലും പരസ്യജീവിതത്തിലുമുള്ള തന്റെ സാന്നിധ്യം വഴി ഒരമ്മയുടെയും മകന്റെയും അടുപ്പം നമുക്ക് വരച്ചുകാട്ടുന്നു. ഒരു അയൽക്കാരിയുടെ ആർദ്രത നമ്മെ സംതൃപ്തരാക്കുന്നു. അമ്മയുടെ സ്വയംപരിത്യജിക്കലിന്റെ നിറവ് നമുക്ക് പ്രകാശം പകരുന്നു. കനിവുള്ള കണ്ണുകളോടെ നമ്മെ നോക്കുന്ന കന്യക നമ്മുടെ വിശ്വാസ ജീവിതത്തെ വർദ്ധമാനമാക്കുന്നു. മനുഷ്യ മാനസങ്ങളിൽ സന്തോഷവും സമാധാനവും സ്നേഹവും കൊണ്ടുവരുന്ന നാമാണ് മാതാവ്. പണ്ഡിതനും പാമരനും കുബേരനും കുചേലനും വിജ്ഞാന ഭോഷനും ഒരുപോലെ അഭിഗാമ്യയായ അമ്മ.

'അവൻ പറയുന്നതുപോലെ ചെയ്യുവിൻ എന്ന് പറഞ്ഞ് അവൾ അരിക് ചേർന്ന് നിന്നപ്പോൾ അഭിമാനത്തോടെ പുത്രൻ പറയും 'ദൈവഹിതം നിറവേറ്റുന്നവൾ' എന്റെ അമ്മ. നിനക്കുമാകാം എന്റെ അമ്മയും സഹോദനും സഹോദരിയും. ജീവിതത്തിന്റെ അനുകൂലങ്ങളിൽ സന്തോഷമായ്, പ്രതികൂലങ്ങളിൽ താങ്ങായ്, തണലായ്, സാന്ത്വനമായ് അമ്മ നമ്മുടെ അരികിൽ നിൽക്കുന്നു. സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടവൾ സ്വർഗത്തിലെ ഒരടയാളമായ് കാണപ്പെട്ടുവെന്ന് വെളിപാട് ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. "സ്വർഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം. (വെളി. 12.1) അനുഗ്രഹങ്ങൾക്കായ് നമുക്ക് ശിരസ്സ് നമിക്കാം.

ബസിലിക്ക പദവിയിലേക്ക് ഉയർത്തപ്പെട്ട ലൂർദ്മാതാ ദൈവാലയത്തിലെ അംഗങ്ങളായിരിക്കാനും അതിൽ നിന്നും ആത്മീയ പോഷണം സ്വീകരിച്ച് വളരാനും ഭാഗ്യം ലഭിച്ചതിനെയോർത്ത് നന്ദിപറയുമ്പോൾ അമ്മേ ലൂർദ്മാതേ ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. 2024 ലെ സ്വർഗ്ഗാരോപണത്തിരുനാൾ ചെമ്പേരി ജനതയുടെ ഹൃദയത്തിൽ ആഴത്തിൽ ആലേഖനം ചെയ്യപ്പെടുകയും അതിന്റെ മധുരസ്മരണകൾ എന്നെന്നും നിലനിൽക്കുകയും ചെയ്യുമാറാകട്ടെ.

**സി. ആലിസ് മാത്യു FCC**

**ബൈബിൾ ക്വിസ് ഉത്തരങ്ങൾ പേര്, വീട്ടുപേര്, ഫോൺ നമ്പർ എന്നിവ എഴുതി കവറിലിട്ട് 2024 മെയ് 31 ന് മുമ്പായി പള്ളി മുറിയിൽ എത്തിക്കുക. കവറിന് മുകളിൽ ബൈബിൾ ക്വിസ് എന്നെഴുതണം. ഒരു കുടുംബത്തിൽ നിന്നും ഒരാൾ മാത്രമേ പങ്കെടുക്കാവൂ. ശരിയുത്തരം നല്കുന്നവരിൽ നിന്നും നറുക്കെടുത്ത് 2 വിജയികൾക്ക് സമ്മാനം നല്കുന്നതാണ്.**


## വിവാഹ ഒരുക്ക സെമിനാർ - 2024
## MPC 2024

| | | |
|---|---|---|
| Nove. | 14-16 | (Thursday-Saturday) Padannakkad |
| Dece. | 19 - 21 | (Thursday-Saturday) Thalassery |

**അന്വേഷണങ്ങൾക്ക് -0490 2966974, 9400206974** website : www.familytly.com



# ചെമ്പേരി കുടിയേറ്റ ചരിത്രാവലോകനം

രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികളെ അതിജീവിക്കാൻ 1940 കളിൽ അധ്വാനശീലരും സാഹസികരും ഈശ്വര വിശ്വാസികളുമായ മധ്യ തിരുവതാംകൂറുകാ ർ കന്നിമണ്ണിന്റെ ഊർവരത തേടി മലബാറിന്റെ മലമടക്കുകളിലേക്ക് പ്രയാണം ആരംഭിച്ചു. പേരാമ്പ്ര, കുറ്റ്യാടി, വയനാട്, ഇരിട്ടി, പേരാവൂർ, മടമ്പം, ചെമ്പേരി, കാഞ്ഞങ്ങാട് തുടങ്ങിയ പ്രദേശങ്ങളിലാണ് പ്രധാനമായും അവർ തമ്പടിച്ചത്. ചെമ്പേരിയിൽ വാസം ഉറപ്പിച്ചവരിൽ ബഹുഭൂരിപക്ഷവും മീനച്ചിൽ താലൂക്കിൽപ്പെട്ടവരായിരുന്നു. ആലുവ വരെ ബസ്സിലും അവിടെനിന്ന് വളപട്ടണം വരെ തീവണ്ടിയിലും തുടർന്ന് ബോട്ടിലും പിന്നീട് 15 കിലോമീറ്റർ കാട്ടുപാതകളിലൂടെയും സഞ്ചരിച്ച് മൂന്നാം ദിവസമാണ് അവർ ചെമ്പേരിയിൽ എത്തിയിരുന്നത്.

1943 ൽ എടക്ലവൻ കണ്ണൻ നമ്പ്യാരിൽ നിന്നും 206... ഏക്കർ ഭൂമി വാങ്ങി പുൽപ്പേൽ ജോസഫ് കുടിയേറ്റത്തിന് നാന്ദികുറിച്ചു. കടൂക്കുന്നേൽ ജോസഫ്, കടൂക്കുന്നേൽ അലക്സാണ്ടർ, മുന്തിരിങ്ങാട്ടുകുന്നേൽ ചാക്കോ, പരപരാകത്ത് മത്തായി, പുളിക്കത്തടത്തിൽ കുഞ്ഞ് തുടങ്ങിയവർ താമസിയാതെ എത്തിച്ചേർന്നു. ഇക്കാലത്ത് സമീപപ്രദേശമായ അരീക്കമലയിൽ താമസിച്ചിരുന്ന കൊട്ടാരത്തിൽ ജോസഫ് മലമ്പനി ബാധിച്ചു മരിച്ച ഭാര്യയെയും കുഞ്ഞിനെയും സംസ്ക്കരിക്കാൻ ആരുമില്ലാതെ സ്വന്തം കയ്യാൽ സംസ്കരിച്ച ശേഷം തപ്ത ഹൃദയനായി ചെമ്പേരിയിൽ എത്തിച്ചേർന്നു. കടുവാതൂക്കിൽ ജോസഫ്, മടുപ്പാംതോട്ടു വർക്കി, കണ്ണങ്കോട്ട് ഔസേപ്പ്, കദളിക്കാട്ടിൽ കുര്യൻ, മൂഴിയാങ്കൽ വർക്കി, മടുക്കക്കുഴിയിൽ ഔസേപ്പച്ചൻ തുടങ്ങിയവർ ഇക്കാലത്ത് തന്നെ വന്നുചേർന്നവരാണ്. ഇതിനിടെ ആദ്യ കുടിയേറ്റക്കാരനായ പുൽപ്പേൽ ജോസഫ് സ്വർഗ ഗേഹം പുൽകി. മരണാസന്നനിലയിൽ അദ്ദേഹത്തെ ചുമലിലെടുത്ത് കാട്ടുപാതകൾ താണ്ടി കണ്ണൂർ ആശുപത്രിയി ലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മിക്ക കുടുംബങ്ങളിൽ നിന്നും ഒന്നോ രണ്ടോ പേരെങ്കിലും മലമ്പനിയുടെ

ക്രൂരതകൾക്കിരയായി മരണപ്പെട്ടിട്ടുണ്ട്. 1950 വരെ കുടിയേറ്റ ജനതയ്ക്ക് പീഡാനുഭവങ്ങളുടെ കാലമായിരുന്നു.

ഇവിടെ എത്തിയവർ കപ്പയും നെല്ലുമാണ് ആണ് ആദ്യം കൃഷി ചെയ്തത്. കാട്ടു മൃഗങ്ങൾ കൃഷിയിടങ്ങളിൽ സൈ്വരവിഹാരം നടത്തി. ഏറുമാടങ്ങളിൽ കർഷകർ കണ്ണിലെണ്ണയൊഴിച്ച് രാത്രി മുഴുവൻ കാവൽ ഇരുന്നു ഇഞ്ചിപ്പുല്ല് വിതച്ച് തൈലം എടുത്ത് നാമമാത്രമായ വിലയ്ക്ക് വിറ്റ് കർഷകർ നിത്യോപയോഗ സാധനങ്ങൾ വാങ്ങിവന്നു. കച്ചവട സ്ഥാപനങ്ങൾ കാണണമെങ്കിൽ ചെങ്ങളായിൽ എത്തണമായിരുന്നു. അന്ന് അവിടെ നിന്നും ഉപ്പുതൊട്ട് കർപ്പൂരം വരെ തലയിലേറ്റി തിരിച്ചും നടക്കേണ്ടി വന്നു. റോഡുകളോ ചികിത്സാ സൗകര്യങ്ങളോ അന്ന് ഉണ്ടായിരുന്നില്ല.

വനാന്തരത്തിലെ ഒറ്റയടി പാതകളിലൂടെ രോഗിയുടെ മഞ്ചലും തോളിലേറ്റി പത്തു മുപ്പത് കിലോ മീറ്റർ സഞ്ചരിക്കേണ്ടിവന്ന ബന്ധുക്കളുടെ യാത്ര എത്രയേറെ പിരിമുറുക്കം നിറഞ്ഞതായിരുന്നു.

അക്കാലത്ത് കൊട്ടാരത്തിൽ വൈദ്യർ ആയിരുന്നു എല്ലാ രോഗങ്ങൾക്കും ചികിത്സകൻ. അലോപ്പതിയും ആയുർവേദവും പ്രയോഗിച്ചിരുന്ന അദ്ദേഹത്തിന്റെ 'സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ'ആണ് കുടിയേറ്റക്കാരുടെ ജീവൻ സംരക്ഷിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചിട്ടുള്ളത്. ഇമ്മാനുവൽ മടുക്കക്കുഴിയുടെ ആയുർവേദ ചികിത്സയും ആളുകൾക്ക് ആശ്വാസമായിരുന്നു. പിന്നീട് ഡോക്ടർ പി.ടി വർക്കി (പൂവേലിൽ വൈദ്യർ) ഹോമിയോപ്പതി ചികിത്സയും ആരംഭിച്ചു.

കടുവയെയും കാട്ടുപോത്തിനെയും പന്നിക്കൂട്ടങ്ങളെയും ഒഴിവാക്കി ശനിയാഴ്ച രാത്രികളിൽ കുർബാന കാണുവാൻ മടമ്പംദേശത്തേക്ക് പൊതിച്ചോറുമായി യാത്ര ചെയ്തവരാണ് നമ്മുടെ കർഷക കാരണവന്മാർ. 1947 ഒക്ടോബർ 9 -ാം തിയ്യതി ചെമ്പേരിയുടെ ചരിത്രത്തിൽ അവസ്മരണീയമായ ഒരു ദിനമാണ്. കോഴിക്കോട് രൂപതയിൽപ്പെട്ട തളിപ്പറമ്പ് ഇടവകയിലെ റവ. ഫാദർ ജോസഫ് കിഴക്കേഭാഗം അന്ന് ആദ്യമായി പുളിക്കൽ ജോസഫിന്റെ വീട്ടിൽ കുർബാന അർപ്പിച്ചു. കവുന്നുകാട്ടിൽ വർക്കി നാട്ടിൽ നിന്നും കൊണ്ടുവന്ന പരിശുദ്ധ ലൂർദ്മാതാവിന്റെ രൂപം പ്രദർശിപ്പിച്ചാണ് കുർബാന നടത്തിയത്. ചെമ്പേരിയിൽ അന്ന് ഉണ്ടായിരുന്ന 18 വീട്ടുകാരും അതിൽ സംബന്ധിച്ചു. തുടർന്ന് കടൂക്കുന്നേൽ അലക്സാണ്ടർ പള്ളിക്ക് സംഭാവന ചെയ്ത അഞ്ചേക്കർ സ്ഥലത്ത് താൽക്കാലിക ഷെഡ് ഉണ്ടാക്കി ദിവ്യബലി അർപ്പിച്ചു വന്നു.

കടുവാതൂക്കിൽ ജോസഫ്, മണ്ണാംപറമ്പിൽ വർഗീസ്, പേരക്കാട്ടുപൊതി, മത്തായി, മുക്കുഴി ദേവസ്യ ഈറ്റയ്ക്കൽ ആഗസ്തി, ചാലിൽ മത്തായി സാർ, ആലക്കളം ജോസഫ് തുടങ്ങിയവരുടെ സേവനങ്ങൾ പ്രശംസാർഹമാണ്.

ചെമ്പേരി പള്ളിയെ കേന്ദ്രീകരിച്ചുള്ള കുടിയേറ്റ മേഖല അന്ന് അതിവിശാലമായിരുന്നു. കുടിയാന്മല, പൊട്ടംപ്ലാവ്, അരീക്കമല, ചെറിയ അരീക്കമല, രത്നഗിരി, നെല്ലിക്കുറ്റി, ഏറ്റുപാറ, പന്നിയാൽ, ചെമ്പന്തൊട്ടി, കരയത്തുംചാൽ, പുലിക്കുരുമ്പ, മണ്ഡളം, പൈസക്കരി, പൊന്മല എന്നീ പ്രദേശങ്ങളിലെ വിശ്വാസികളെല്ലാവരും ചെമ്പേരി പള്ളിയിലാണ് ഒന്നിച്ചു കൂടിയിരുന്നത്. 1948 ലാണ് സംഘടിതമായ കുടിയേറ്റം ആരംഭിച്ചത്. ചെമ്പന്തൊട്ടി, കുടിയാൻമല, പൈസക്കരി എന്നീ സമീപപ്രദേശ ങ്ങളിളെല്ലാം ധാരാളം കുടിയേറ്റക്കാർ എത്തിച്ചേർന്നു. ഇക്കാലത്ത് കോഴിക്കോട് രൂപതയുടെ മെത്രാൻ അഭിവന്ദ്യ പാത്രോണി തിരുമേനി റവ.ഫാ. കുര്യാക്കോസ്

കുടക്കച്ചിറയെ ചെമ്പേരി പള്ളിയുടെ ചുമതല ഏൽപ്പിച്ചു. ഇടവകക്കാരെയെല്ലാം സംഘടപ്പിച്ചുകൊണ്ട് ചെമ്പേരിയിൽ നിന്നും പയറ്റുചാൽ- ചേപ്പറമ്പ് വഴി ശ്രീകണ്ഠപുരത്തേക്ക് ഒരു റോഡ് നിർമ്മിക്കുന്നതിന് നേതൃത്വം നൽകി. ചെമ്പേരിയെ ബാഹ്യലോകവുമായി ബന്ധിപ്പിച്ച ആദ്യ പാതയായിരുന്നു അത് . ജനപങ്കാളിത്തത്തോടെ ഒരു വാഹനവും വാങ്ങി സർവീസ് ആരംഭിച്ചു. ചെമ്പേരി വാൻ എന്ന് അത് അറിയപ്പെട്ടു.

1954ൽ തലശ്ശേരിരൂപത നിലവിൽ വന്നപ്പോൾ ചെമ്പേരിയുടെ സർവ്വോന്മുഖമായ വളർച്ചയ്ക്ക് നാന്ദി കുറിച്ചു. നാടിന്റെ പ്രിയങ്കരനായ കുടക്കച്ചിറ അച്ചൻ ലത്തീൻ രൂപതയിൽപ്പെട്ട കണ്ണൂർ പള്ളിയിലേക്ക് സ്ഥലംമാറിപ്പോയി. ബഹുമാനപ്പെട്ട ജോസ് വാരികാട്ട് അച്ചൻ ചെമ്പേരിയുടെ വികാരിയായി. 1956 ശിലാ സ്ഥാപനം നടത്തിയ പള്ളിയുടെ വെഞ്ചിരിപ്പ് കർമ്മം രൂപതയുടെ പ്രഥമ മെത്രാനും കൂടിയേറ്റ ജനതയുടെ പിതാവുമായ അഭിവന്ദ്യ വള്ളോപ്പള്ളി പിതാവ് നിർവഹിച്ചു. ഇന്നത്തെ പള്ളിയുടെ സ്ഥലം സംഭാവന ചെയ്തത് പുളിക്കൽ ജോസഫ് മുക്കുഴി വർക്കി എന്നിവരായിരുന്നു. തുടർന്ന് ഫാദർ പോൾ വഴുതലക്കാട്, അഗസ്റ്റിൻ തുരുത്തിമറ്റം, ഫാ. തോമസ് കരിങ്ങാട്ടിൽ, ഫാ. തോമസ് മൂലക്കുന്നേൽ, തോമസ് നിലക്കപ്പള്ളി, ഫ്രാൻസിസ് ആറുപറയിൽ, ഫാ. ജേക്കബ് പുത്തൻപുര, ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട്, ഫാ, ജോസഫ് കൂറ്റാരപ്പള്ളി, ഫാ. വർക്കി കുന്നപ്പള്ളിൽ, ഫാ. ജോർജ് കൊല്ലക്കൊമ്പിൽ, ഫാ.ജോൺ കല്ലുങ്കൽ, എന്നിവർ ചെമ്പേരിയുടെ വികാരിമാരായി. തുടർന്ന് രണ്ടായിരാമാണ്ടിൽ ഫാ. ജോർജ് നരിപ്പാറ അച്ചൻ ചെമ്പേരിയുടെ വികാരിയായി. ഈ കാലഘട്ടം ചെമ്പേരിയുടെ പുതിയ ഒരു ചരിത്രത്തിന് നാന്ദി കുറിച്ചു. പുതിയ ഒരു ദൈവാലയം ചെമ്പേരിയുടെ ഒരു സ്വപ്നമായിരുന്നു. അച്ചന്റെ നേതൃത്വത്തിൽ മലബാറിലെ ഏറ്റവും വലിയ ദേവാലയം വീതപ്പിരിവ് ഇല്ലാതെ മനോഹരമായി പണികഴിപ്പിച്ചു. തുടർന്ന് ഫാദർ മാത്യു പാലമറ്റം, ഫാ. ജോസഫ് കരിനാട്ട് എന്നിവരും ചെമ്പേരിയുടെ വികാരിമാരായി. തുടർന്ന് 2018 ൽ ചെമ്പേരിയുടെ ഇടയനായി റവ.ഡോ.ജോർജ് കാഞ്ഞിരക്കാട്ട് ചുമതലയേറ്റു.ദീർഘ വീക്ഷണവും കർമകുശലതയും വിശ്രമരഹിതമായ പ്രവർത്തനവും ആരുടെയും മനസ്സിൽ ഇടം പിടിക്കുന്ന ഇടയനായി അച്ചൻ മാറി. ചെമ്പേരി ദൈവാലയം ഒരു ബസിലിക്കയായി ഉയരണമെന്നുള്ള ആഗ്രഹം അച്ചന്റെ മനസ്സിൽ ഉറച്ചു. അന്നുമുതൽ അച്ചൻ ചെമ്പേരി മാതാവിന്റെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുകയും അതിനുവേണ്ട നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. അച്ചന്റെ വിശ്വാസതീക്ഷണതയും കഠിനാധ്വാനവുമാണ് ഇന്ന് ചെമ്പേരി ഇടവക ദൈവാലയം ഒരു ബസിലിക്കയായി ഉയരാൻ കാരണം. ചെമ്പേരിയുടെ വളർച്ചയുടെയും ഉയർച്ചയുടെയും പ്രചോദനവും പ്രേരകവും നമ്മുടെ പൂർവികർ വിശ്വാസിച്ചുപോന്നതുപോലെതന്നെ ദൈവപരിപാലനയാണ്. ലൂർദ്മാതാ ബസിലിക്ക ചെമ്പേരിയുടെ മാത്രമല്ല ഈ പ്രദേശത്തിന്റെ മുഴുവൻ പ്രകാശഗോപുരമാണ്. ഇവിടെ കുടിയേറിയ ജനതയെ കരുത്തുറ്റ വിശ്വാസത്തിലധിഷ്ഠിതമായി വളർത്തിക്കൊണ്ട് വരുന്നതിലും അവരിൽ പ്രേഷിത ചൈതന്യം ഉദീപ്തമാക്കുന്നതിലും ഈ ദൈവാലയവും വികാരിമാരായി ഇവിടെ സേവനമനുഷ്ഠിച്ചു വന്നിരുന്ന വന്ദ്യവൈദികരും വിവിധ സന്ന്യസ്തരും അൽമായരും വഹിച്ച പങ്ക് വളരെ വലുതാണ്.

പരിശുദ്ധ ലൂർദ് മാതാവിന്റെ നാമധേയത്തിലുള്ള നമ്മുടെ ദൈവാലയം ബസിലിക്കയായി ഉയർത്തപ്പെടുമ്പോൾ നമ്മുടെ പൂർവികരോടും നമുക്ക് നേതൃത്വം നൽകിയ വൈദികരോടും സന്ന്യസ്തരോടുമുള്ള നന്ദി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥതയിൽ നമുക്ക് ദൈവത്തിനു സമർപ്പിക്കാം..



# വി.ഫ്രാൻസീസിന്റെ ചരിത്രത്താളുകളും ആത്മീയതയും ജീവിതാനുഭവങ്ങളും

**1181 ൽ** ഉംബ്രിയായിലെ ചെറുപട്ടണമായ അസീസിയിൽ വസ്ത്ര വ്യാപാരിയായ പീറ്റർ ബർണാർഡോന്റെയും പ്രശസ്ത ഫ്രഞ്ച് കുടുംബാംഗമായ പീക്കായുടെയും മകനായി ഫ്രാൻസിസ് ഭൂജാതനായി. ധനവും പ്രസരിപ്പാർന്ന ജീവിതമോഹവും പ്രതാപവും സ്വപ്നം കണ്ട ഒരു യുവരാജാവായി ഫ്രാൻസിസിനെ മാറ്റി.അസീസിയും പെരുജീയും തമ്മിലുള്ള ഏറ്റുമുട്ടലിൽ അസീസി പരാജയമടഞ്ഞു. ഫ്രാൻസിസ് പെരുജിയൻ കൽത്തുറുകിൽ അടയ്ക്കപ്പെട്ടു. മാസങ്ങൾക്കു ശേഷംവിമോചിതനായ ആ യുവാവ് യുദ്ധമുറകളിലും വ്യവസായത്തിലും നിന്ന് പിന്തിരിഞ്ഞ് അന്തരംഗത്തിൽ തന്നെ നയിച്ച നാഥനെ അനുസരിക്കുവാൻ തുടങ്ങി. കുഷ്ഠരോ ഗികളുമായുള്ള അസാധാരണ കൂടിക്കാഴ്ചയും സാൻ ഡമിയാനോ പള്ളിയിലെ ക്രൂശിത രൂപത്തിൽ നിന്ന് ശ്രവിച്ച ദൈവസ്വരവും ഹൃദയ പരിവർത്തനത്തിലേക്ക് ഫ്രാൻസിസിനെ എത്തിച്ചു. ധനമത്രയും പരിത്യജിച്ച് ഫ്രാൻസിസ് ദേവാലയ പുനരുദ്ധാരണത്തിൽ ഏർപ്പെട്ടു. വി.മത്തിയാസിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 24 ന് പോർസ്യൂങ്കുല ദേവാലയത്തിൽ വച്ച് ദിവ്യബലിമദ്ധ്യേ ശ്രവിച്ച

സുവിശേഷത്തിൽ യേശു അപ്പസ്തോലന്മാർക്ക് നൽകിയ ഉപദേശങ്ങൾ ഫ്രാൻസിസിന്റെ ഹൃദയത്തിൽ തട്ടി. അപ്പോൾ മുതൽ തന്റെ ജീവിതം യേശുവിന്റെ വിളിക്കു മറുപടിയാക്കി. സമാധാനത്തിന്റെയും തപശ്ചര്യയുടെയും സന്ദേശം പ്രഖ്യാപിച്ചു കൊണ്ട് സർവസംഗ പരിത്യാഗിയായ ഒരു തീർത്ഥാടകനായി ജീവിച്ചു. കാലക്രമേണ തന്നെ അനുഗമിച്ചവരോടൊത്ത് തീവ്രമായി സുവിശേഷാത്മക ജീവിതം നയിച്ച് അവർ ഒരു സഹോദര സംഘമായി. തിരുസ്സഭയുടെ പ്രേഷിത പ്രവർത്തനത്തെ പുനരുജ്ജീവിപ്പിക്കാൻ സുവിശേഷ ചൈതന്യം ഫ്രാൻസീസിന് ഉത്തേജനമരുളി. സിറിയായിലേക്ക് പോകാനുള്ള 1212- ലെ ശ്രമം ദൽമാസിയായിലെ കപ്പലപകടത്തിൽ പരാജയപ്പെട്ടു. അടുത്ത വർഷം മൊറോക്കോയിലേക്ക് പുറപ്പെട്ടെങ്കിലും സ്പെയിനിലെത്തിയപ്പോഴേക്കും രോഗവസ്ഥയിലായി 1214-ൽ തിരിച്ചെത്തി. 1219ൽ അഞ്ചാംകുരിശു യുദ്ധത്തിനു പോയവരുടെ കൂടെ യാത്ര ചെയ്ത് ദാമിയെ ത്തയിൽ എത്തി. ഈജിപ്തിലെ സുൽത്താനായ മാലിക് - അൽ- കമലിനെ മാനസാന്തരപ്പെടു ത്താൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ഈ വർഷങ്ങളിലെല്ലാം ഫ്രാൻസിസും അനുയായികളും സുവിശേഷം പ്രസംഗിക്കുയും ജീവിക്കയും ചെയ്തു കൊണ്ട് യൂറോപ്പിലെ തിരുസഭയിൽ നവോത്ഥാനത്തിന്റെ ശക്തിയേറിയ ഘടകമായി വർത്തിച്ചു. ക്രിസ്തു രഹസ്യങ്ങളോട് സമ്പൂർണ്ണ വിധേയത്വമാണ് അസ്സീസിയിലെ കൊച്ചു മനുഷ്യന്റെ ജീവിതത്തിന്റെ മുഖമുദ്ര. 1223 ഡിസംബർ 25 - ന് ഗ്രേച്ചോയിൽ ഫ്രാൻസീസ് യേശുവിന്റെ ജനനം നാടകീയമായി അവതരിപ്പിച്ചു. അന്നുമുതൽ പുൽത്തൊട്ടി സാധാരണ ക്രൈസ്തവരുടെ ആദ്ധ്യാത്മികതയിൽ സ്ഥലം പിടിച്ചു.

പരിശുദ്ധ കുർബാനയോടുള്ള ഫ്രാൻസിസിന്റെ തീവ്രമായ ഭക്തിയെപ്പറ്റി ജീവചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തിട്ടുണ്ട്. എല്ലാ സ്ത്രീ പുരുഷന്മാരും ദൈവത്തോടും തമ്മിൽത്തമ്മിലും അനുരഞ്ജനപ്പെടാൻ വേണ്ടി സൃഷ്ടിയുടെ നാഥൻ അനുദിനം ദാരിദ്ര്യവും വിനീതാവസ്ഥയും സ്വയം ഏറ്റെടുക്കുന്നതാണ് കുരിശിൽ വി. ഫ്രാൻസിസിന് കാണാൻ കഴിഞ്ഞത്. തന്റെ ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ കുരിശിന്റെ

രഹസ്യത്താൽ ഉൾച്ചേരാൻ തക്കവിധത്തിൽ ജീവിതമാകെ ക്രൂശിതനായ യേശുവിൽ വിലയം പ്രാപിച്ചു കഴിഞ്ഞിരുന്നു. 1224 സെപ്റ്റംബർ 14 - ന് വിശുദ്ധൻ ധ്യാനാത്മക പ്രാർത്ഥന അവസരത്തിൽ സ്വീകരിച്ച പഞ്ചക്ഷതങ്ങൾ തന്റെ മരണം വരെ ശരീരത്തിൽ സംവഹിച്ചിരുന്നു. അവസാന വർഷങ്ങളിൽ ഫ്രാൻസീസ് തീർത്തും രോഗിയായി അവസാന മാസങ്ങിൽ കാഴ്ച്ച പാടേ നഷ്ടപ്പെട്ടു. ഇവയൊന്നും അദ്ദേഹത്തെ ഒരു തരത്തിലും തളർത്തിയില്ല തുടർന്നും അദ്ദേഹം കഴുതപ്പുറത്ത് യാത്ര ചെയ്ത് സുവിശേഷം പ്രസംഗിച്ചു.  കുഷ്ഠരോഗിക്കു ശുശ്രൂഷ നല്കി സുവിശേഷാദർശനങ്ങളെ ജീവിതത്തിൽ പകർത്താൻ അനുയായികളെ നിരന്തരം പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു. 1226 ഒക്ടോബർ 3 - ന് പോർ സ്യൂങ്കള ആശ്രമത്തിൽ വച്ച് വി ഫ്രാൻസീസ് സർവ്വാത്മന മരണത്തെ സ്വഗതം ചെയ്തു. 1228 ജൂലൈ 16-ന് ഗ്രിഗറി ഒമ്പതാമൻ പാപ്പാ അദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. 1939-ൽ ഫ്രാൻസിസ് ഇറ്റലിയുടെ മദ്ധ്യസ്ഥനായും 1980-ൽ പരിസ്ഥിതി സംരക്ഷണത്തിന്റ മദ്ധ്യസ്ഥനായും പ്രഖ്യാപിക്കപ്പെട്ടു.

വി. ഫ്രാൻസിസുമായി ബന്ധപ്പെട്ട ഒരു സംഭവം ഇപ്രകാരമാണ്: സുവിശേഷാനുസൃതമായ ജീവിതം നയിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു അതിന്റെ അംഗീകാരത്തിനായി കർദ്ദിനാൾ ജീയോവാനിയുടെ നേതൃത്വത്തിൽ റോമിലേക്കു പുറപ്പെട്ടു. പത്രോസിന്റെ സിംഹാസനം അലങ്കരിച്ചിട്ടുള്ള മാർപ്പാപ്പാമാരിൽ ഏറ്റവും ശക്തനായിരുന്നു ഇന്നസെന്റ് മൂന്നാമൻ. രാഷ്ട്രീയവും സാമൂഹികവും ആദ്ധ്യാത്മികവുമായ മണ്ഡലങ്ങളിൽ നിർണ്ണായകമായ സ്വാധീനമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അങ്ങനെയൊരു മാർപ്പാപ്പായുടെ മുമ്പിലേക്കാണ് അസ്സീസിയിൽ നിന്നും പാവപ്പെട്ട സഹോദരൻ ഫ്രാൻസിസ് ആനയിക്കപ്പെട്ടത്.
പരിശുദ്ധ പാപ്പായുടെ മുമ്പിൽ മുട്ടുകത്തി ഫ്രാൻസിസ്' അവരുടെ ആഗമനോദ്ദേശ്യം വിശദീകരിച്ചു. പരിശുദ്ധ പാപ്പാ അവരോടായി പറഞ്ഞു:  നിങ്ങൾ നയിക്കാൻ ആഗ്രഹിക്കുന്ന ഈ ജീവിതം അതികഠിനമാണ് അതിനാൽ ഇതിനെക്കുറിച്ച് പോയി ചിന്തിച്ച്

പ്രാർത്ഥിക്കാൻ മാർപാപ്പ പറഞ്ഞു. അന്നു രാത്രിയിൽ ഇന്നസെന്റ് പാപ്പായ്ക്ക് ഒരു ദർശനമുണ്ടായി. ആഘോഷമായ തിരുന്നാളുകളിലെന്നതുപോലെ മാർപ്പാപ്പ തിരുവസ്ത്രങ്ങള ണിഞ്ഞ് ലാറ്ററൻ ബസിലിക്കായുടെ മദ്ധ്യത്തിൽ നിൽക്കുന്നു. ഇരുവശങ്ങളിലും അനന്തതയിലേക്ക് നീണ്ടുനിൽക്കുന്ന തുണുകൾ. അതിനിടയിലൂടെ മാർപ്പാപ്പാ ഏകനായിനടക്കുന്നു. അപ്പോഴാണത് സംഭവിച്ചത്. ലാറ്ററൻ ദേവാലയം ഇളകുന്നു...... താഴികക്കുടങ്ങൾ തൂങ്ങി നിൽക്കുന്നു.....ഭിത്തികളിൽ വിള്ളൽ,,, ദേവാലയം ആടിയുലയുന്നു....... ഭയന്നു വിറയ്ക്കുന്ന പാപ്പാ. കോൺസ്റ്റന്റൈൻ പണികഴിപ്പിച്ച ആ മനോഹരമായ ബസിലിക്കാ നിലം പതിക്കാൻ ഇനി അധിക സമയം വേണ്ട.... എല്ലാം കണ്ട് നിസ്സഹായനായി ഒരു മരവിപ്പിലമർന്ന് പാപ്പാ നിന്നു. അപ്പോൾ ഒരു പാവപ്പെട്ട മനുഷ്യൻ മുഷിഞ്ഞതും കീറിയതുമായ വസ്ത്രം ധരിച്ചവൻ നഗ്നപാദൻ ബൽറ്റിനു പകരം കയറുധരിച്ചവൻ ലാറ്ററൻ ബസിലിക്കയുടെ പടിപ്പുരയിൽ പ്രത്യക്ഷപ്പെട്ടു. ആ പാവപ്പെട്ട മനുഷ്യൻ ഇടം വലം നോക്കാതെ ചെരിയുന്ന ആ ഭിത്തിയുടെ നേരെ വരുന്നു.... അത്ഭുതം! അയാൾ ചുമലിൽ താങ്ങി ചെരിഞ്ഞ ഭിത്തി നേരെയാക്കുന്നു.... ഇപ്പോൾ അത് പൂർവ്വസ്ഥിതി പ്രാപിച്ചിരിക്കുന്നു....മാർപ്പാപ്പാ ആശ്വാസ സൂചകമെന്നോണം ദീർഘമായി നിശ്വസിച്ചു. ആരാണയാൾ? പാപ്പ സൂക്ഷിച്ചു നോക്കി. അസ്സീസിയിൽ നിന്നുള്ള പാവപ്പെട്ട സഹോദരൻ ഫ്രാൻസിസ്. പിറ്റേന്ന് പരിശുദ്ധ പിതാവിന്റെ സന്നിധിലേക്ക് ഫ്രാൻസിസ് ആനയിക്കപ്പെട്ടു... പരിശുദ്ധ പിതാവ് അവരെ ആശീർവദിച്ചു കൊണ്ട് പറഞ്ഞു സത്യമായും ഭക്തനും വിശുദ്ധനുമായ ആ മനുഷ്യനിലൂടെയാണ് ദൈവം തന്റെ സഭയെ വീണ്ടെടുക്കാൻ പോകുന്നത്. അന്നു പിതാവു പറഞ്ഞ ആ വാക്കുകൾ ഇന്നും സഭയിലൂടെ അനുവർത്തിക്കപ്പെടുന്നു. നമ്മുടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയിലൂടെ....




**ഫാ. ആൽബിൻ അമ്പാട്ടുപറമ്പിൽ**




# ചെമ്പേരി ലൂർദ്മാതാ ദൈവാലയം ബസിലിക്ക പദവിയിൽ



## ആത്മീയ നിറവിന്റെ നിമിഷങ്ങളിലൂടെ









# നവീകരിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മം














# ലൂർദ്മാതാവിന്റെ തിരുസന്നിധിയിൽ
## (യാത്രാവിവരണം)

*പരിശുദ്ധ ലൂർദ് മാതാവിന്റെ നാമധേയത്തിലുള്ള ചെമ്പേരി ഫൊറോനാപള്ളി ബസിലിക്കയായി ഉയർത്തപ്പെടുമ്പോൾ ചെമ്പേരിയിലെ ആയിരക്കണക്കിന് വിശ്വാസികൾക്ക് ഇത് ധന്യനിമിഷങ്ങളാണ്.... പൂർവികർ ചെയ്ത പുണ്യകർമങ്ങളുടെ ഫലങ്ങൾ അനന്തമായ ദൈവകൃപയായി പെയ്തിറങ്ങുന്ന പുണ്യ ദിനങ്ങൾ.... ഈ ധന്യതയുടെ നിറവിൽ നിൽക്കുമ്പോൾ മലയോര കുടിയേറ്റ ജനതയുടെ ഹൃദയസ്പന്ദനമായ ചെമ്പേരി മാതാവിന്റെ പ്രത്യക്ഷീകരണം നടന്ന ലൂർദിൽ ചെലവഴിച്ച ദൈവാനുഗ്രഹത്തിന്റെ നിമിഷങ്ങളെക്കുറിച്ചുള്ള മധുരസ്മരണകൾ അയവിറക്കുവാനുള്ള ഒരെളിയ ശ്രമമാണിവിടെ.*

2022 ജൂൺ 21- ന് ആയിരുന്നു ആ യാത്ര. ജർമനിയിലുള്ള മക്കളുടെ അടുക്കൽ മൂന്നു മാസത്തെ സന്ദർശനത്തിന് പോയതാണ്. ജൂൺ മുതൽ സെപ്തംബർ വരെയുള്ള കാലം യൂറോപ്പിൽ വേനൽക്കാലമാണ്. സന്ദർശകർക്ക് ഏറ്റവും പറ്റിയ കാലാവസ്ഥ. ഓഫൻബർഗിലെത്തിയ ഞങ്ങൾ മക്കളുടെ അവധി ദിവസങ്ങളിൽ സമീപത്തുള്ള ചില വിനോദ സഞ്ചാരകേന്ദ്രങ്ങളും തീർത്ഥാടന കേന്ദ്രങ്ങളുമൊക്കെ സന്ദർശിക്കുവാൻ സമയം കണ്ടെത്തിയിരുന്നു.

ചെമ്പേരിക്കാർ എന്ന നിലയ്ക്ക് മനസ്സിൽ വലിയൊരാഗ്രഹമുണ്ട് . യൂറോപ്പിൽ എത്തിയതല്ലേ , പരിശുദ്ധ അമ്മയുടെ പ്രത്യക്ഷീകരണം നടന്ന ലൂർദ്വരെ ഒന്ന് പോയാൽ കൊള്ളാം. ഞങ്ങളുടെ മനോഗതം മനസിലാക്കിയ മക്കൾ ഫ്രാൻസിലെ ലൂർദിലേക്കുള്ള ടിക്കറ്റ് ബുക്ക് ചെയ്ത ശേഷമാണ് ആ സന്തോഷവാർത്ത ഞങ്ങളെ അറിയിച്ചത്. ജൂലൈ 27– ന് ലൂർദിലേക്ക് പോകാനുള്ള തയ്യാറെടുപ്പുകൾ നടത്തി. ജർമനിയിലെ ഓഫൻബെർഗിൽ നിന്ന് ഫ്രാൻസിലെ ലൂർദിലേക്ക് 1200 കിലോമീറ്ററോളം ദൂരമുണ്ട്. ഫ്രാൻസിന്റെ അതിർത്തിപ്രദേശമായ ഞങ്ങളുടെ താമസസ്ഥലത്തുനിന്ന് 50 കിലോമീറ്റർ യാത്ര ചെയ്താൽ ഫ്രാൻസിലെ സ്ട്രാസ്ബുർഗ് എന്ന എയർപോർട്ടിൽ എത്താം. .അവിടെ നിന്നും ടാർബസ് ലൂർദ് പൈറെനീസ് എയർപോർട്ടിലേക്ക് ആഴ്ചയിൽ മൂന്നു ദിവസം ഫ്ളൈറ്റ് സർവീസുണ്ട് .ജൂലൈ 27 ഉച്ചക്ക് ഞങ്ങൾ കാറിൽ സ്ട്രാസ്ബുർഗ് എയർപോർട്ടിലേക്ക് പുറപ്പെട്ടു. വിമാനത്താവളത്തിലെ പാർക്കിങ് ഏരിയയിൽ കാർ പാർക്ക് ചെയ്ത് 3.30 നുള്ള വിമാനത്തിൽ ടാർബസ് ലൂർദ് എയർ പോർട്ടിലേക്ക്. 5.00 മണിക്ക് ഞങ്ങൾ അവിടെയെത്തി . ഇതൊരു ഇന്റർനാഷണൽ എയർപോർട്ട് ആണെങ്കിലും നമ്മുടെ കണ്ണൂർ എയർപോർട്ട് പോലെ ഒരു കൊച്ചു വിമാനത്താവളമാണ്. ലൂർദിലേക്കുള്ള തീർത്ഥാടകരെ ഉദ്ദേശിച്ചു മാത്രമുള്ളതാണത്. വർഷത്തിൽ ഏകദേശം അഞ്ച് ലക്ഷ ത്തോളം തീർത്ഥാടകർ ഈ വിമാനത്താവളം വഴി മാത്രം ലൂർദിൽ പരിശുദ്ധ അമ്മയുടെ ഗ്രോട്ടോ സന്ദർശിക്കാനായി എത്തുന്നുണ്ട്. കൂടാതെ റോഡ് മാർഗവും റെയിൽ മാർഗവുമായി എത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർ വേറെയും. പ്രതിവർഷം ഏകദേശം അൻപത് ലക്ഷത്തിലധികം തീർത്ഥാടകർ ലൂർദിലെത്തുന്നു ണ്ടെന്നാണ് കണക്ക്. എയർപോർട്ടിൽനിന്നും പത്ത് കിലോമീറ്റർ ദൂരമേയുള്ളൂ ലൂർദിലേക്ക് . ഒരു ടാക്സിയിൽ ഞങ്ങൾ യാത്രയായി. ഹരിതാഭമായ കുന്നിൻചെരിവിലൂടെ ഒഴുകിയിറങ്ങുന്ന പാതയിലൂടെ ചേതോഹരമായ കാഴ്ചകൾ കണ്ടുള്ള യാത്ര . 20 മിനിറ്റുകൊണ്ട് ലക്ഷ്യസ്ഥാനത്തെത്തുമെന്ന് ഡ്രൈവർ പറഞ്ഞു. അപ്പോഴേക്കും അങ്ങകലെ ഉയർന്നുനിൽക്കുന്ന ദൈവാലയ ഗോപുരം ദൃശ്യമായി.

തദ്ദേശീയരായ ആളുകൾ വളരെ കുറച്ചുമാത്രമുള്ള ഒരു കൊച്ചു പട്ടണം. ലൂർദ് ഒരു തീർത്ഥാടന കേന്ദ്രമാകുന്നതുവരെ ഇവിടം ഭൂരിഭാഗവും വിജനപ്രദേശമായിരുന്നു. ഉത്തുംഗങ്ങളായ

ഗിരിശൃംഗങ്ങളും പാറക്കെട്ടുകളും അവക്കിടയിൽ അവിടവിടെയായി കൃഷിയിടങ്ങളും, കണ്ണിനു കുളിർമയേകുന്ന ഭൂപ്രദേശം. കാർ ലൂർദ്ടൗണിന്റെ മധ്യത്തിലൂടെ ഞങ്ങളുടെ താമസ സ്ഥലം ലക്ഷ്യമാക്കി നീങ്ങി. പരിശുദ്ധഅമ്മ പ്രത്യക്ഷപ്പെട്ട ഗ്രോട്ടോയും അതോടനുബന്ധിച്ച് ആകാശംമുട്ടെ ശിരസുയർത്തിനിൽക്കുന്ന ദൈവാലയ ഗോപുരങ്ങളും അടുത്തടുത്ത് വന്നു. ഞങ്ങൾക്ക് താമസിക്കാനായി മുൻകൂട്ടി ബുക്ക് ചെയ്തിരുന്ന ഹോസ്റ്റൽ സെന്റ്. ജോസഫ്സ് സിസ്റ്റേഴ്സിന്റെ ഒരു കോൺവെന്റിനോടനുബന്ധിച്ചുള്ളതാണ്. ഡ്രൈവർ കോൺവെന്റിനു മുറ്റത്ത് വണ്ടി നിറുത്തി. മലയാളികളായ മൂന്നു കന്യാസ്ത്രീകളും ആഫ്രിക്കക്കാരിയായ ഒരു കന്യാസ്ത്രീയുംകൂടി ഞങ്ങളെ സ്വീകരിച്ച് മുറികളിലേക്കാനയിച്ചു. മുറിയുടെ ജനാലയിലൂടെ നോക്കിയാൽ ഉത്തുംഗങ്ങളായ മലനിരകൾ കാണാം. കോൺവെന്റിന്റെ മതിലിനോട് ചേർന്ന് പോകുന്ന റെയിൽ പാളത്തിലൂടെ ഇടയ്ക്കിടെ തീവണ്ടി കടന്നുപോകുന്നുണ്ട്. കുളി കഴിഞ്ഞു വന്നപ്പോഴേക്കും അത്താഴം റെഡി. സിസ്റ്റേഴ്സ് തന്നെ പാകംചെയ്ത പിസ്സയാണ്. നമുക്ക് പരിചിതമായ അത്താഴമല്ലെങ്കിലും രുചിയോടെ കഴിച്ചു. ഗ്രോട്ടോയിൽ രാവിലെ 6.30-നുള്ള വിശുദ്ധ കുർബാനയിൽ പങ്കെടുക്കണമെന്ന തീരുമാനത്തോടെ ഉറങ്ങാൻ പോയി.

രാവിലെ അഞ്ചുമണിക്ക് തന്നെ എഴുന്നേറ്റ് തയ്യാറെടുപ്പുകൾ നടത്തി. സിസ്റ്റർ അനീറ്റ അവരുടെ കാറിൽ ഞങ്ങളെ ദൈവാലയ സമുച്ചയത്തിന്റെ പിന്നിലുള്ള കവാടം വരെ എത്തിച്ചു. ആ ഗെയിറ്റ് പൊതുജനങ്ങൾക്ക് പ്രവേശനമുള്ളതല്ല. താമസസ്ഥലത്തുനിന്നും പോകുമ്പോൾ അതാണെളുപ്പം. ഗെയിറ്റിന്റെ ലോക്ക് തുറക്കാനുള്ള കോഡ് സിസ്റ്റർ ഞങ്ങൾക്ക് പറഞ്ഞു തന്നിരുന്നു. അകത്ത് കടന്നാൽ വിശാലമായൊരു പുൽമൈതാനമാണ്. അതിനു മധ്യത്തിലൂടെയുള്ള നടപ്പാതയിലൂടെ അഞ്ചു മിനിട്ടു നടന്നാൽ ഗ്രോട്ടോയുടെ സമീപത്തുകൂടിയൊഴുകുന്ന ഗേവ് നദിയുടെ തീരത്തെത്തും. നദി എന്ന് പറഞ്ഞെങ്കിലും അതൊരു കൊച്ചു പുഴയാണ്. പളുങ്കു പോലെ നിർമലമായ ജലം കളകളം പാടി പതഞ്ഞൊഴുകുന്ന മനോഹരമായ ഒരു അരുവി. നൂറ്റിമുപ്പതോളം ഏക്രസ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഈ തീർത്ഥാടന കേന്ദ്രത്തിന്റെ മധ്യത്തിലൂടെ ഒഴുകുന്ന ഈ ജലപ്രവാഹം നമ്മെ ഏറെ അതിശയിപ്പിക്കുന്നത് തന്നെ. പ്രതിവർഷം അൻപത് ലക്ഷം തീർത്ഥാടകർ വന്നുപോകുന്ന ഇവിടെ ഏതെങ്കിലും

മാലിന്യത്തിന്റെ ഒരു പൊടിപോലും കാണാനില്ല. കൈക്കുമ്പിളിൽ കോരിയെടുത്ത് കുടിക്കാൻ തോന്നുന്ന വിധം ശുദ്ധമായ തെളിനീർ ഉരുളൻകല്ലുകളെ തഴുകിത്തലോടി കുണുങ്ങിയൊഴുകുന്നത് കാണുമ്പോൾ നമ്മുടെ നാട്ടിലെ പല ജലപ്രവാഹങ്ങളുടെയും ദയനീയമായ അവസ്ഥ ഓർത്ത് നമ്മൾ ലജ്ജിതരാകും. പാലം കടന്നുവേണം ഗ്രോട്ടോയിലെത്താൻ. എന്നാൽ ഇക്കരെത്തന്നെ ഒട്ടേറെ കാര്യങ്ങൾ നമുക്ക് കാണുവാനുണ്ട്. തീർത്ഥാടകർക്ക് മെഴുകുതിരി കത്തിച്ചു പ്രാർത്ഥിക്കുവാനുള്ള സ്ഥലം ഇവിടെയാണ്. ഒരേസമയം ആയിരക്കണക്കിന് തിരികൾ കത്തിക്കുവാനുള്ള സൗകര്യമുണ്ട് . ഒരു യൂറോ മുതൽ അഞ്ഞൂറ് യൂറോ വരെ വിലയുള്ള പല വലിപ്പത്തിലുള്ള തിരികൾ അവിടെ ലഭ്യമാണ്. തിരി വിൽപ്പനക്കായി അവിടെ ആരുമില്ല. നമുക്ക് ഇഷ്ടമുള്ള തിരി എടുത്ത് അതിന്റെ വില അവിടെ നിക്ഷേപിക്കാം. വഴിപാട് ചെയ്യുന്നിടത്ത് ആരും കള്ളത്തരം കാണിക്കുകയില്ലല്ലോ?

മനോഹരമായ അനേകം തണൽ വൃക്ഷങ്ങൾ നിൽക്കുന്ന ഈ ഭാഗത്ത് അവിടവിടെയായി ചാപ്പലുകളും വിവിധ ഓഫീസുകൾ പ്രവർത്തിക്കുന്ന ബഹുനില കെട്ടിടങ്ങളുമൊക്കെ കാണാം . പാലം കടന്ന് ഞങ്ങൾ ഗ്രോട്ടോയ്ക്ക് സമീപത്തേക്കു നടന്നു. ഒരു ഭാഗത്തായി ഹോളി ബാത്തിനുള്ള സൗകര്യങ്ങളാണ്. ഗ്രോട്ടോയിൽനിന്നും ഒഴുകിയെത്തുന്ന വിശുദ്ധ നീരുറവിയിൽ നിന്നും ജലം ശേഖരിച്ചു കുളിക്കാനുള്ള സ്ഥലമാണത്. ഇവിടെയെത്തുന്ന ബഹുഭൂരിപക്ഷം തീർത്ഥാടകരും ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നു.

ഗ്രോട്ടോയിൽ ദിവ്യ ബലി ആരംഭിച്ചുകഴിഞ്ഞു. ആയിര ക്കണക്കിന് തീർത്ഥാടകർ അതിരാവിലെതന്നെ എത്തിയിട്ടുണ്ട്. ഇരിപ്പിടങ്ങളെല്ലാം (സിമിന്റു ബെഞ്ചുകൾ ) നിറഞ്ഞു. സമീപത്തുള്ള തണൽവൃക്ഷച്ചുവടുകളിലും ഗേവ്നദിയുടെ തീരം ചേർന്ന് കെട്ടിയിട്ടുള്ള ഉയരം കുറഞ്ഞ മതിലുകളിലും ഒക്കെയായി ഇരുപ്പുറപ്പിച്ചവരും വെറും നിലത്ത് മുട്ടിന്മേൽ നിന്ന് ദിവ്യബലിയിൽ പങ്കെടുക്കുന്നവരുമൊക്കെയുണ്ട്. ഫ്രഞ്ച് ഭാഷയിലുള്ള സമൂഹ ബലിയാണ്. ഒരു കർദിനാളോ മറ്റോ ആണ് മുഖ്യ കാർമ്മികൻ. ഏതാനും മെത്രാന്മാരും വൈദികരും സഹകാർമികരും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പുരോഹിതശ്രേഷ്ഠരും വൈദികരും ഇവിടെ എല്ലാ ദിവസവും ബലിയർപ്പിക്കുന്നുണ്ട്. ഫ്രഞ്ച്, ഇറ്റാലിയൻ, സ്പാനിഷ്, ജർമൻ, ഡച്ച് ,ഇഗ്ലീഷ് എന്നീ ആറ് ഭാഷകൾ ഇവിടുത്തെ

ഔദ്യോഗിക ഭാഷകളാണ്. കൂടാതെ ലോകത്തിലെ നൂറുകണക്കിന് ഭാഷകളിൽ (മലയാളം ഉൾപ്പെടെ) ഇവിടുത്തെ വിവിധ ചാപ്പലുകളിലും ദൈവാലയങ്ങളിലും ദിവസേന ബലിയർപ്പണം നടക്കാറുണ്ട്. ഞങ്ങൾ ഭക്തിപൂർവ്വം വിശുദ്ധ ബലിയിൽ പങ്കെടുത്തു. ഈശോയുടെ അമ്മ, പരിശുദ്ധ കന്യകാമറിയം ബർണർദീത്ത എന്ന പതിനാലുവയസുകാരിക്ക് പതിനെട്ടു പ്രാവശ്യം പ്രത്യക്ഷപ്പെട്ട വിശുദ്ധ മണ്ണിൽ നിന്നുകൊണ്ട് ദിവ്യബലിയിൽ പങ്കെടുക്കാൻ അവസരം നൽകിയ ദൈവത്തിന്റെ അപരിമേയ സ്നേഹത്തെ യോർത്ത് സ്തുതികളർപ്പിച്ചു.

ഗ്രോട്ടോ ഒരു വലിയ പാറക്കെട്ടിന്റെ ഭാഗമാണ്. ഗ്രോട്ടോയുടെ മുകളിലേക്കു പണിതുയർത്തിയിരിക്കുന്ന ബൃഹത്തായ ദൈവാലയ സമുച്ചയം. ഔർ ലേഡി ഓഫ് ലൂർദ് ബസിലിക്ക, ഔർ ലേഡി ഓഫ് ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ബസിലിക്ക, റോസറി ബസിലിക്ക എന്നിങ്ങനെ മൂന്ന് ബസിലിക്കകൾ മൂന്നു നിലകളിലായി നിർമിച്ചിരിക്കുന്നു. ദൈവാലയ ഗോപുരം കിലോമീറ്ററുകൾ ക്കപ്പുറത്തുനിന്ന് കാണാവുന്ന ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. മുന്നിലെ വിശാലമായ മുറ്റത്തുനിന്ന് ധാരാളം പടവുകൾ കയറി വേണം രണ്ടാമത്തെ നിലയിലുള്ള പ്രധാന ബസിലിക്കയിലെത്താൻ. കൂടാതെ ഇരുവശങ്ങളിൽനിന്നും വിശാലമായ റാമ്പുകളുമുണ്ട്. ഞങ്ങൾ സ്റ്റെപ്പുകൾ കയറി മട്ടുപ്പാവിലെത്തി. താഴേക്ക് നോക്കുമ്പോഴുള്ള കാഴ്ച ചേതോഹരമാണ്. താഴെ ഗ്രോട്ടോയുടെ ഭാഗത്തു നിരനിരയായി നിൽക്കുന്ന തണൽ വൃക്ഷങ്ങളുടെ തലപ്പുകൾ ഒരേ ഉയരത്തിൽ ചിത്രം വരച്ചപോലെ മനോഹരമാണ്. മുൻവശത്തു അതിവിശാലമായ മുറ്റം. മുറ്റത്തിന്റെ ഒരു ഭാഗത്ത് വർണാഭമായ റോസാപ്പൂക്കൾ നിറഞ്ഞുനിൽക്കുന്ന ഒരു പൂന്തോട്ടം. അതിനു മധ്യത്തിലായി ഉയർന്ന ഒരു പീഠത്തിൽ നീല അങ്കിയണിഞ്ഞ പരിശുദ്ധ അമ്മ പുഞ്ചിരി തൂകി നിൽക്കുന്നു. അവിടെ നിന്നും മെയിൻ ഗെയിറ്റിലേക്കുപോകുന്ന പാതയുടെ ഓരത്തായി വിശുദ്ധ ബർണർദീത്തയുടെ പ്രതിമയും ചുറ്റും ആട്ടിൻകുട്ടികളും. ഇരു വശങ്ങളിലുമായി ബാങ്കിങ് സ്ഥാപനങ്ങൾ, വിവിധ ഓഫീസ് ആവശ്യങ്ങൾക്കും തീർത്ഥാടകർക്ക് താമസിക്കുന്നതിനും മറ്റുമുള്ള നിരവധി ബഹുനില കെട്ടിടങ്ങൾ എന്നിവ കാണാം.

അങ്ങകലേക്കു നോക്കിയാൽ ഉയർന്ന പിറെനീസ് മലനിരകളിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള കോട്ടകൾ. പതിന്നാല്,

പതിനഞ്ച് നൂറ്റാണ്ടുകളിലായി ഫ്രഞ്ച് രാജാക്കന്മാരും ഇംഗ്ലീഷുകാരും തമ്മിൽ നടന്ന യുദ്ധത്തിന്റെ ശേഷിപ്പുകളാണവ.

ഉച്ച വരെ വിവിധ ബസിലിക്കകളും പരിസര പ്രദേശവുമൊക്കെ ചുറ്റിനടന്ന് കണ്ടു. ഈ തീർത്ഥാടനകേന്ദ്രത്തിന്റെ ചരിത്രത്തെക്കുറിച്ച് അല്പമൊന്നു സൂചിപ്പിക്കാം. തെക്കു പടിഞ്ഞാറൻ ഫ്രാൻസിനെയും സ്പെയിനിനെയും വേർതിരിക്കുന്ന പിറെനീസ് പർവത നിരകളുടെ താഴ്വാരത്തിൽ സ്ഥിതിചെയ്യുന്ന ഫ്രാൻസിലെ അതിമനോഹരമായ ഒരു ഭൂപ്രദേശമാണ് ലൂർദ്. 1958 ഫെബ്രുവരി 11 ഒരു വ്യാഴാഴ്ചയായിരുന്നു. ലൂർദ് ഗ്രാമത്തിലെ ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ചുവളർന്ന ബർണാഡെറ്റ് സൗബീറസ് എന്ന പതിന്നാല് വയസുകാരി തന്റെ സഹോദരിയും കൂട്ടുകാരുമൊത്ത് വനത്തിൽ വിറക് ശേഖരിക്കാനായി പോയതായിരുന്നു. ഗേവ് നദിയുടെ തീരത്ത് (മാലിന്യക്കൂമ്പാരം നിറഞ്ഞ വൃത്തിഹീനമായ ഒരു സ്ഥലമായിരുന്നു മാസബിയേൽ എന്ന് പേരായ ഇവിടം) കളിച്ചുകൊണ്ടിരുന്ന ബർണാഡെറ്റ് ഒരു ശബ്ദം കേട്ട് തിരിഞ്ഞുനോക്കി. താനൊരിക്കലും കണ്ടിട്ടില്ലാത്ത അതീവ സുന്ദരിയായ ഒരു യുവതി തൊട്ടടുത്ത പാറക്കെട്ടിൽ നിൽക്കുന്നു. ബർണർദീത്ത ആകെ ഭയന്ന് കൈയിലുണ്ടായിരുന്ന ജപമാല എടുത്ത് പ്രാർത്ഥിക്കാൻ തുടങ്ങി. യുവതിയും ജപമാല ചൊല്ലുന്നതായി അവൾ കണ്ടു. ജപമാല ചൊല്ലിക്കഴിഞ്ഞപ്പോൾ നീല അങ്കി അണിഞ്ഞ ആ സ്ത്രീ രൂപം അപ്രത്യക്ഷയായി. ഈ വിവരം ബർണർദീത്തയുടെ അമ്മയറിഞ്ഞു. മേലിൽ അവിടേക്കു പോകരുതെന്ന് അവളെ വിലക്കിയെങ്കിലും ബർണാഡെറ്റ് വീണ്ടും വീണ്ടും അവിടേക്കു പോയി. അവൾ ചെല്ലുമ്പോഴെല്ലാം ആ യുവതിയും അവിടെ പ്രത്യക്ഷപ്പെടും. ഫെബ്രുവരി പതിനൊന്നിനും ജൂലൈ പതിനാറിനും ഇടയിൽ പതിനെട്ടു തവണ ബർണാഡെറ്റിന് ഇങ്ങനെ ദർശനമുണ്ടായി. ഒടുവിൽ ആ സ്ത്രീ അവളെത്തന്നെ പരിചയപ്പെടുത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു. “ഞാൻ അമലോത്ഭവയാണ്. ഈ സ്ഥലത്തു ഒരു ദേവാലയം സ്ഥാപിക്കാൻ അധികാരികളോട് പറയണം” . കൂടാതെ സ്ത്രീ കാണിച്ചുകൊടുത്ത സ്ഥലത്ത് അല്പം മണ്ണ് മാറ്റിയപ്പോൾ അവിടെനിന്നും ഒരു നീരുറവ പുറപ്പെട്ടു. അതിൽനിന്നും കുടിക്കാനും ശരീരം കഴുകാനും ആ സ്ത്രീ ആവശ്യപ്പെട്ടു. അങ്ങനെ ചെയ്തുകഴിഞ്ഞപ്പോൾ ബർണർദീത്തയുടെ ശരീരത്തിലുണ്ടായിരുന്ന

വൃണങ്ങൾ സുഖമായി. ഈ വിവരങ്ങൾ അറിഞ്ഞ ഇടവക വികാരി ആദ്യം അതൊന്നും വിശ്വസിച്ചില്ലെങ്കിലും പിന്നീട് അവിടെ ഒരു ദൈവാലയം പണിയാൻ തീരുമാനിച്ചു. ഗ്രോട്ടോയിൽ നിന്നുമൊഴുകുന്ന പുണ്യജലം ഉപയോഗിച്ച ഒട്ടേറെ രോഗികൾ സൗഖ്യപ്പെട്ടു. 1862 –ൽ ഒൻപതാം പിയൂസ് മാർപാപ്പ മാതാവിന്റെ പ്രത്യക്ഷീകരണം ഔദ്യോഗികമായി പ്രഖ്യാപിച്ചു. ലൂർദിന്റെ പിന്നീടുള്ള വളർച്ചയും തീർത്ഥാടക പ്രവാഹവും വിവരണാതീതമായിരുന്നു.

ഗ്രോട്ടോയിലെ അത്ഭുത നീരുറവയിൽനിന്നും ഒഴുകുന്ന ജലം പ്രത്യേക ടാപ്പുകൾ വഴി ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവിടെയെത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർ ഈ വിശുദ്ധ ജലം കുപ്പികളിൽ ശേഖരിച്ചു കൊണ്ടുപോവുകുന്നു. ഗ്രോട്ടോയിൽ വിശുദ്ധ കുർബാന ഇല്ലാത്ത സമയത്ത് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നെത്തുന്ന നാനാ ജാതി മതസ്ഥരായ പതിനായിരക്കണക്കിനാളുകൾ മണിക്കൂറുകൾ ക്യൂ നിന്ന് ഗ്രോട്ടോക്കുള്ളിൽ പ്രവേശിച്ച് കൈവശമുള്ള ജപമാലകളും മറ്റു ഭക്ത വസ്തുക്കളും വിശുദ്ധ സ്ഥലത്ത് മുട്ടിച്ചു പ്രാർത്ഥിച്ചു പോകുന്നു. ഗ്രോട്ടോയിൽ ഇരുപത്തിനാലു മണിക്കൂറും മെഴുകുതിരികൾ ജ്വലിച്ചുകൊണ്ടിരിക്കുന്ന പല നിലകളുള്ള ഒരു സ്റ്റാൻഡ് ഉണ്ട് .അവിടെ തീർത്ഥാടകർക്ക് തിരി കത്തിക്കാനുള്ള അനുവാദമില്ല.

ഉച്ച കഴിഞ്ഞു മൂന്ന് മണിയാകുമ്പോഴേക്കും ഗ്രോട്ടോയുടെ പരിസര പ്രദേശങ്ങൾ ജനനിബിഢമാകും വിവിധ രാജ്യങ്ങളിൽനിന്നുള്ളവർ, വിവിധ ഭാഷക്കാർ, വേഷക്കാർ. എല്ലാവരുടെയും ലക്ഷ്യം നാലു മണിക്കാരംഭിക്കുന്ന ദിവ്യകാര്യണ്യപ്രദക്ഷിണത്തിൽ പങ്കെടുക്കുക എന്നതാണ്. ഞങ്ങളും ദിവ്യകാരുണ്യ പ്രദക്ഷിണത്തിനായി അണിനിരന്നു. അദ്ഭുതകരമായ കാഴ്ചയും അനുഭവവുമാണത് . ഇതിൽ പങ്കെടുക്കുന്നതിനായി വീൽ ചെയറിലെത്തുന്ന ആയിരക്കണക്കിന് രോഗികളും വൃദ്ധരുമുണ്ട്. ഇവരെ വീൽ ചെയറിൽ ഉന്തിക്കൊണ്ടുപോകുന്നതിനായി വെള്ള വസ്ത്രവും തലപ്പാവുമണിഞ്ഞ സ്ത്രീകളും സ്യൂട്ടണിഞ്ഞ പുരുഷന്മാരും റെഡിയായി നിൽക്കുന്നു. വെള്ള വസ്ത്രമണിഞ്ഞ സ്ത്രീകൾ കന്യാസ്ത്രീകളാണെന്നു തോന്നും. എന്നാൽ ഞങ്ങളോടൊപ്പമുള്ള സിസ്റ്റേഴ്സ് പറഞ്ഞു, ഇവിടെ വന്ന് മാസങ്ങളോളം സ്വന്തം ചെലവിൽ താമസിച്ച് സന്നദ്ധസേവനം ചെയ്യുന്ന വിവിധ രാജ്യങ്ങളിൽനിന്നുള്ള അല്മായരാണവർ.

കൃത്യം നാലുമണിക്ക് ദിവ്യകാരുണ്യ പ്രദക്ഷിണം ആരംഭിച്ചു. മുന്നിലായി യൂണിഫോമണിഞ്ഞ ഏതാനും പേർ ചേർന്ന് വലിയൊരു പതാക നിവർത്തി വിരിച്ചു പിടിച്ചിരിക്കുന്നു. അതിനു പിന്നാലെ വിവിധ ഭാഷകളിൽ വിശുദ്ധ വചനങ്ങൾ എഴുതിയ ബാനറുകളും പ്ലക്കാർഡുകളും പതാകകളുമായി നൂറുകണക്കിനാളുകൾ, അതിനു പിന്നിലായി ആയിരക്കണക്കിന് വീൽചെയറുകളിൽ രോഗികളും വൃദ്ധരുമായവർ, പിന്നാലെ അനേകം സമർപ്പിതരും പുരോഹിതരും. മുൻഭാഗം കുറെ നീങ്ങിക്കഴിയുമ്പോൾ വിശുദ്ധ കുർബാന എഴുന്നെള്ളിച്ചുകൊണ്ട് ഒരു പാലികയുടെ അകമ്പടിയോടെ മെത്രാന്മാർ,വൈദികശ്രേഷ്ഠർ എന്നിവരുടെ നിര, മനോഹരമായ പ്രാർത്ഥനാഗീതങ്ങളുടെ അലയൊലികൾ ആ പ്രദേശമാകെ ഭക്തി സാന്ദ്രമാക്കി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പതിനായിരങ്ങൾ പ്രാർത്ഥനാപൂർവ്വം റാലിയിൽ അണിനിരന്നു.. മനുഷ്യരുടെ വിശ്വാസത്തിന്റെ ആഴവും തീവ്രതയും മനസ്സിലാ ക്കണമെങ്കിൽ ഈ പ്രദക്ഷിണത്തിൽ പങ്കുകൊണ്ടാൽ മതി. പറഞ്ഞറിയിക്കാനാകാത്ത ആത്മീയാനുഭൂതി പ്രദാനം ചെയ്യുന്ന നിമിഷങ്ങൾ. ഗേവ് നദിയുടെ അക്കരെനിന്നാരംഭിച്ച് പാലം കടന്ന് ദൈവാലയമുറ്റത്തിന്റെ ഇടതുവശം ചേർന്നുള്ള വിശാലമായ പാതയിലൂടെ നീങ്ങി പ്രദക്ഷിണം എത്തിച്ചേരുന്നത് ഒരു അണ്ടർഗ്രൗണ്ട് ബസിലിക്കയിലാണ്. അത് മറ്റൊരത്ഭുതം തന്നെ. 25000 (ഇരുപത്തയ്യായിരം) തീർത്ഥാടകരെ ഉൾക്കൊള്ളാൻ ശേഷിയുള്ള മണ്ണിനടിയിലെ ഒരു ദൈവാലയം. മാതാവിന്റെ പ്രത്യക്ഷീകരണത്തിന്റെ നൂറാം വാർഷികാഘോഷ ത്തോടനുബന്ധിച്ച് 1957– ൽ പണി തീർത്ത ഈ ബസിലിക്ക പത്താം പിയൂസ് മാർപ്പാപ്പയുടെ ഓർമക്കായി 'പയസ് ടെൻത് ബസിലിക്ക' എന്നാണ് അറിയപ്പെടുന്നത്. ഒരുപക്ഷെ ലോകത്തിലെ ഏറ്റവും വലിയ ഭൂഗർഭ ദൈവാലയമായിരിക്കുമിത്. പ്രദക്ഷിണം പൂർണമായും ദൈവാലയത്തിലെത്തിക്കഴിയുമ്പോൾ വാഴ്വിന്റെ പ്രാർത്ഥനകളും ഗാനങ്ങളും ആരംഭിക്കുകയായി. തുടർന്ന് വിശുദ്ധ കുർബാനയുടെ ആശീർവാദം. ഏകദേശം രണ്ടു മണിക്കൂർ കൊണ്ട് ഈ തിരുക്കർമങ്ങൾ അവസാനിച്ചു.

ഭൂഗർഭ ദൈവാലയത്തിൽ നിന്നും പുറത്തിറങ്ങി ലൂർദ് പട്ടണം ഒന്ന് ചുറ്റിക്കാണാനും ചായ കുടിക്കാനുമായി ഞങ്ങൾ നീങ്ങി. നഗരത്തിൽ ഭൂരിഭാഗം ഷോപ്പിങ് സെന്ററുകളും ഭക്ത

വസ്തുക്കൾ വില്പനയ്ക്ക് വച്ചിരിക്കുന്നവയാണ്. വിവിധതരം ജപമാലകൾ, ലൂർദ് മാതാവിന്റെ പല വലിപ്പത്തിലുള്ള രൂപങ്ങൾ, വിവിധങ്ങളായ മോണിമെന്റ്സ് എന്നിവയുടെ വലിയ ശേഖരങ്ങളുണ്ടവിടെ. വില ചോദിച്ചാൽ നമ്മൾ ഞെട്ടും. നമ്മുടെ നാട്ടിൽ 50 രൂപയ്ക്കു കിട്ടുന്ന ഒരു കൊന്ത അവിടെ വാങ്ങണമെങ്കിൽ അഞ്ചു യൂറോ ( ഏകദേശം 450 രൂപ) എങ്കിലും കൊടുക്കണം . ഒരു ഇന്ത്യൻ ഹോട്ടലിൽ കയറി ( ഇന്ത്യൻ ഹോട്ടൽ എന്ന് പേരുണ്ടെങ്കിലും അത് ശ്രീലങ്കക്കാരുടേതാണെന്നു മനസിലായി ) ചായ കുടിച്ചു. ഷോപ്പിംഗ് സെന്ററിൽനിന്നും ഏതാനും സാധനങ്ങളും വാങ്ങി തിരിച്ച് ഗ്രോട്ടോയിലേക്കുതന്നെ നീങ്ങി.

ഇനിയാണ് ലൂർദിൽ ഏറ്റവും ആകർഷകമായ, ഭക്തിനിർഭരമായ ചടങ്ങുള്ളത്. ജപമാല പ്രദക്ഷിണം . രാത്രി ഒൻപതുമണിക്കാണ് അത് ആരംഭിക്കുന്നത്. ഇതിന് കാൻഡിൽ ലൈറ്റ് പ്രൊസെഷൻ എന്നും പറയും. ദിവ്യകാരുണ്യ പ്രദക്ഷിണം കഴിഞ്ഞു തിരക്കൊഴിഞ്ഞ ദൈവാലയാങ്കണത്തിൽ എട്ടു മണിയായപ്പോഴേക്കും ജനസാഗരത്തിന്റെ വേലിയേറ്റമായി. ഈ ജനക്കൂട്ടമൊക്കെ എവിടെനിന്നും എത്തിച്ചേരുന്നു എന്ന് നാം അത്ഭുതപ്പെട്ടുപോകും . സമയം ഒമ്പതു മണിയായി. അവിടുത്തെ കാലാവസ്ഥ അനുസരിച്ച് സന്ധ്യയാകുന്നതേയുള്ളു. മാതാവിന്റെ ഗ്രോട്ടോയിൽ നിന്നാണ് ജപമാലപ്രദക്ഷിണം ആരംഭിക്കുന്നത്. ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ എല്ലാ ദിവസവും ഈ ജപമാല പ്രദക്ഷിണം നടക്കാറുണ്ട്. ഓരോ ദിവസവും വിവിധ രാജ്യങ്ങളിൽനിന്നും വിവിധ ഭാഷക്കാരും വേഷക്കാരും നാനാ ജാതി മതസ്ഥരുമായ പതിനായിരക്കണക്കിന് ആളുകളാണ് ഈ ജപമാലറാലിയിൽ പങ്കെടുക്കുന്നത്.

ജപമാല പ്രദക്ഷിണം ആരംഭിച്ചുകഴിഞ്ഞു. ഉച്ചഭാഷിണിയിലൂടെ ഒഴുകുന്ന ഗാന വീചികളിൽ ലയിച്ച് ഒരു കൈയിൽ ജപമാലയും മറുകൈയിൽ ഉയർത്തിപ്പിടിച്ച മെഴുകുതിരി വിളക്കുമായി ദൈവമാതാവിനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് ചിട്ടയോടെ നീങ്ങുന്ന ജനാവലി ഒരു അത്ഭുതക്കാഴ്ച തന്നെയാണ്. അതിലുപരി അവർണനീയമായ ആത്മീയാനുഭൂതിയാണ്. പങ്കെടുക്കുന്ന മുഴുവൻ ആളുകളുടെയും കയ്യിലുള്ള പ്രത്യേക തരം മെഴുകുതിരി വിളക്കുകൾ ഈ റാലിയുടെ വലിയ ആകർഷണീയതയാണ്. ജപമാല രഹസ്യങ്ങൾ ഓരോന്നും ഓരോ ഭാഷയിലാണ് ചൊല്ലുക. ചിലപ്പോൾ

ഇന്ത്യൻ ഭാഷകളിലും ഉണ്ടാകും. ഞങ്ങൾ പങ്കെടുത്ത ദിവസം തമിഴിലായിരുന്നു ഒരു രഹസ്യം ചൊല്ലിയത്. പതിനായിരക്കണക്കിന് മെഴുകുതിരി വിളക്കുകൾ ഒരുമിച്ചു പ്രഭ ചൊരിയുന്ന വിശാലമായ വീഥിയിലൂടെ പ്രാർത്ഥനാ നിർഭരമായി നീങ്ങിയപ്പോൾ രാവേറെ ചെന്നതോ ഭൂമിയിൽ ഇരുട്ട് പരന്നതോ ആരുമറിഞ്ഞതേയില്ല. പ്രദക്ഷിണത്തിന്റെ മുന്നിൽ എൽ ഇ ഡി പ്രഭ ചൊരിയുന്ന പരിശുദ്ധ അമ്മയുടെ വലിയ തിരുസ്വരൂപം ഒരു മഞ്ചലിൽ ഏതാനും യുവ വൈദികർ ചേർന്ന് സംവഹിക്കുന്നുണ്ട്. ഈ പ്രദക്ഷിണത്തിലുമുണ്ട് വീൽ ചെയറിൽ നൂറുകണക്കിനാളുകൾ . എണ്ണമറ്റ വൈദികരുടെയും സന്യസ്തരുടെയും പതിനായിരക്കണക്കിന് വിശ്വാസികളുടെയും കണ്ഠങ്ങളിൽനിന്നുയരുന്ന ജപമാലഗീതങ്ങൾ പിറെനീസ് മലനിരകളെ പുളകമണിയിച്ചുകൊണ്ട് പ്രതിധ്വനിച്ചു. ലൂർദിന്റെ രാജവീഥികൾ പിന്നിട്ട് അത് റോസറി ബസിലിക്ക എന്ന പ്രധാന ദൈവാലയത്തിന്റെ മുറ്റത്ത് എത്തുമ്പോഴേക്കും ഏകദേശം പത്തര മണിയായി. മുൻഭാഗം സമാപന സ്ഥലത്തെത്തുമ്പോഴും പിന്നറ്റം ഗ്രോട്ടോയിൽനിന്നും പുറപ്പെട്ടുകഴിഞ്ഞിട്ടില്ല . ഭൂരിഭാഗം ആളുകളും ബസിലിക്കയുടെ വിശാലമായ മുറ്റത്ത് എത്തിക്കഴിയുമ്പോൾ നൂറിലധികം അംഗങ്ങളുള്ള ഗായക സംഘം റോസറി ബസിലിക്കയുടെ മോണ്ടളത്തിൽ നിന്ന് ലുത്തീനിയാ ഗീതം പാടുന്ന താളത്തിനനുസരിച്ചു ജനങ്ങൾ മെഴുകുതിരികൾ പ്രത്യേക രീതിയിൽ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നത് ഹൃദയാവർജ്ജകമായ കാഴ്ചയാണ്. ആദ്യമായി കൂടുന്നതാണെങ്കിലും ഞങ്ങളും ആ താളത്തിൽ പങ്കു ചേർന്നു. ജപമാല സമാപനത്തിലേക്കു കടക്കുകയാണ്. സമാപന സന്ദേശം നൽകുന്നത് ഒരു കർദിനാൾ ആണെന്ന് മനസിലായി. സമാപന ആശീർവാദത്തിനുശേഷമുള്ള ഗാനാലാപന സമയത്ത് പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം ദൈവാലയത്തിനകത്തേക്ക് സംവഹിക്കുന്നതോടെ ഒരു ദിവസത്തെ ആഘോഷങ്ങളും തിരുക്കർമങ്ങളും അവസാനിക്കുകയാണ് . ആവേ മരിയാ എന്ന സ്തുതിഗീതങ്ങൾ മനസ്സിൽ ഉരുവിട്ടു കൊണ്ട് ജനസാഗരം പിരിയുകയായി.

മുറിയിൽ എത്തിയപ്പോൾ രാത്രി 12 മണി രാവിലെ ആറു മണിക്ക് മുറിയിൽ നിന്നും ഇറങ്ങിയതാണ് ഒരു പകൽ മുഴുവൻ കടന്ന് പാതിരാവായത് എത്ര വേഗത്തിലാണെന്ന് തോന്നി. രണ്ടു പ്രദക്ഷിണങ്ങളും മറ്റു കാഴ്ചകളും ഒക്കെയായി കിലോമീറ്ററുകൾ

അനവധി നടന്നുകാണും . പക്ഷെ അതിന്റെ ക്ഷീണമൊന്നും അനുഭവപ്പെട്ടില്ല .

നാളെ രാവിലെ ഗ്രോട്ടോയിലെ വി. കുർബാനയിൽ പങ്കെടുക്കണം ക്യൂ നിന്ന് ഗ്രോട്ടോയ്ക്കുള്ളിൽ കടന്ന് പരിശുദ്ധ അമ്മയുടെ പാദസ്പർശമേറ്റ പാറക്കല്ലിൽ ഒന്ന് സ്പർശിക്കണം. കൈവശമുള്ള ജപമാലകളും ഭക്ത വസ്തുക്കളും അവിടെ വച്ച് വിശുദ്ധമാക്കണം. നാട്ടിലേക്കു കൊണ്ടുപോകാനുള്ള വിശുദ്ധ ജലം കുപ്പികളിൽ ശേഖരിക്കണം. ഇങ്ങനെ മടക്കയാത്രയ്ക്ക് മുൻപ് ചെയ്യേണ്ട കാര്യങ്ങൾ മക്കളുമായി ചർച്ച ചെയ്ത് ഉറങ്ങാൻ കിടന്നു. പിറ്റേന്ന് രാവിലെ 6.30 നു തന്നെ Sr.അനീറ്റ ഞങ്ങളെ ഗ്രോട്ടോയിലെത്തിച്ചു. തലേദിവസത്തേക്കാൾ ആളുകൾ കൂടുതൽ ഉണ്ടെന്നു തോന്നി. ഇന്നത്തെ വി. കുർബാന അർപ്പിക്കുന്നതിൽ കൂടുതൽ ആഫ്രിക്കക്കാരായ വൈദികരാണ്. ആഫ്രിക്കയിൽ നിന്നുള്ള വലിയൊരു സംഘം തീർത്ഥാടകരുമുണ്ട്. വി. കുർബാന സ്വീകരണം കഴിഞ്ഞപ്പോൾത്തന്നെ ഞങ്ങൾ ക്യൂവിൽ ഇടം പിടിച്ചു. ഏതാണ്ട് ഒരു മണിക്കൂറോളം ക്യൂവിൽ നിന്ന് ഞങ്ങൾ ഗ്രോട്ടോയ്ക്കുള്ളിൽ പ്രവേശിച്ചു. ഏതാണ്ട് മുപ്പതോളം ആളുകൾക്ക് കടന്ന് നിൽക്കാൻ പറ്റുന്ന സ്ഥലം. എങ്കിലും വോളന്റിയേഴ്സ് ആരെയും അവിടെ നില്ക്കാൻ അനുവദിക്കുന്നില്ല . വരിയായി കടന്നുപോകണം . മുകളിലെ പാറക്കല്ലുകളിൽ ഒന്നര നൂറ്റാണ്ടിലധികമായി കോടിക്കണക്കിന് വിശ്വാസികളുടെ കരസ്പർശമേറ്റ പാറക്കല്ലുകളിൽ അതിന്റെ ലക്ഷണങ്ങൾ വ്യക്തമാണ്. ചിലർ മിനിറ്റുകളോളം അവിടെ കൈവച്ച് പ്രാർത്ഥിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും വോളന്റിയേഴ്സ് സമ്മതിക്കുന്നില്ല. കാരണം ക്യൂ അത്ര നീണ്ടതാണ്. ഗ്രോട്ടോയ്ക്ക് അടിഭാഗത്ത് ഗ്രില്ലുകൾ കൊണ്ട് മറച്ച ഒരു ഭാഗത്തുകൂടി വിശുദ്ധ നീരുറവ ഒഴുകുന്നുണ്ട് . അവിടെനിന്നും ജലമെടുക്കാൻ കഴിയുകയില്ല. ആ നീർച്ചാൽ പാറക്കെട്ടിന് അടിയിലൂടെ ഒഴുകി പ്രത്യേക പൈപ്പുകളിലൂടെ വിവിധ സ്ഥലങ്ങളിൽ ടാപ്പുകളിലെത്തുകയാണ്. അവിടെനിന്നാണ് വിശ്വാസികൾ ജലം ശേഖരിക്കുന്നതും ഹോളി ബാത്ത് നടത്തുന്നതും. കൈവശമുണ്ടായിരുന്ന ജപമാലകളും ഭക്തവസ്തുക്കളും ഗ്രോട്ടോയിലെ പാറക്കല്ലുകളിൽ സ്പർശിച്ചു വിശുദ്ധമാക്കി. നീല അങ്കിയണിഞ്ഞ പരിശുദ്ധ ലൂർദ് മാതാവിന്റെ തിരു സ്വരൂപം സ്ഥാപിച്ചിരിക്കുന്നതിന് മുൻപിൽ നിന്ന് ഒരു ഫോട്ടോയുമെടുത്ത് ഞങ്ങൾ പുറത്തിറങ്ങി. ഒരുകാലത്ത് സ്വപ്നം

കാണാൻ പോലും കഴിയാതിരുന്ന ആ ധന്യനിമിഷങ്ങൾ അങ്ങനെ യാഥാർഥ്യമാക്കിയതിന് തമ്പുരാന് നന്ദി പറഞ്ഞു.

ടൗണിൽ പോയി പ്രാതൽ കഴിച്ച് തിരിച്ചുവന്ന് ഞങ്ങൾ പോയത് തീർത്ഥാടകരെ ഏറെ ആകർഷിക്കുന്ന മറ്റൊരു ദൈവാലയത്തിലേക്കാണ്. പ്രധാന ദൈവാലയങ്ങൾ സ്ഥിതി ചെയ്യുന്ന കോംബൗണ്ടിനോട് ചേർന്നുതന്നെയുള്ള വി. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ദൈവാലയമാണത്. പൂർണമായും ശീതീകരിച്ച് നിത്യാരാധന ചാപ്പൽ പോലെ ശാന്തമായ ഒരു പ്രാർത്ഥനാലയം . കുറെ നേരം അവിടെ ധ്യാന നിമഗ്നരായി ഇരുന്നു പുറത്തിറങ്ങി . വി. ബർണർദീത്തയുടെ വീട് അവിടെ ഏറെ അകലെയല്ലാതെ ഉണ്ട് . അവിടം ഇന്നൊരു തീർത്ഥാടനകേന്ദ്രവും പ്രാർത്ഥനാലയവും മ്യൂസിയവും ഒക്കെയാണ്. അവിടേക്കു പോകാൻ ഞങ്ങളുടെ സമയം അനുവദിക്കുന്നില്ല ആഴ്ചയിൽ മൂന്നു ദിവസം മാത്രമേ ഇവിടെ നിന്നും സ്ട്രാസ്ബർഗിലേക്കു വിമാനമുള്ളു. അതിനാൽ ബാക്കിയുള്ള തൊക്കെ ഇനിയൊരിക്കലാകാമെന്ന ചിന്തയോടെ, ഇത്രയൊക്കെ സാധിച്ചത് ദൈവത്തിന്റെ പ്രത്യേകമായ അനുഗ്രഹം കൊണ്ടും പരിശുദ്ധ ലൂർദ് മാതാവിന്റെ മാധ്യസ്ഥ്യം കൊണ്ടുമൊക്കെയാണെന്ന തിരിച്ചറിവോടെ മടക്കയാത്രക്കുള്ള ഒരുക്കമായി.

മുറിയിൽ തിരിച്ചെത്തി ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് തയ്യാറാക്കി വച്ചിരുന്ന ഭക്ഷണം കഴിച്ച് ബാഗുകൾ റെഡിയാക്കി. രണ്ടു ദിവസം ഞങ്ങൾക്ക് ആതിഥ്യമരുളുകയും ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിത്തരികയും ചെയ്ത Sr.അനീറ്റ ഉൾപ്പെടെയുള്ള എല്ലാ സഹോദരിമാർക്കും നന്ദിയർപ്പിച്ച് ഒരു ടാക്സി കാറിൽ വിമാനത്താവളത്തിലേക്ക്.

യൂറോപ്പിലും മറ്റു പാശ്ചാത്യൻ രാജ്യങ്ങളിലുമൊക്കെ വിശ്വാസം നശിച്ചുകൊണ്ടിരിക്കുകയാണെന്നും ദൈവാലയങ്ങളെല്ലാം ശൂന്യമായതിനാൽ വിൽപ്പനയ്ക്ക് വച്ചിരിക്കുക യാണെന്നുമൊക്കെ ഘോഷിക്ക് പറയുന്നവർ ഒരിക്കലെങ്കിലും ലൂർദിൽ പോവുകയും വിശ്വാസത്തിന്റെ ആഴവും പരപ്പും തീഷ്ണതയും വിശ്വാസ സമൂഹത്തിന്റെ വ്യാപ്തിയുമൊക്കെ മനസിലാക്കുകയും ചെയ്യുന്നത് നന്നായിരിക്കും.



***ജോസ് മേമടം, ചെമ്പേരി***



# പ്രാർത്ഥനയുടെ ശക്തി ജപമാലയുടെ ഭക്തി

**ച**രടിൽ കോർത്ത സുവിശേഷമാണ് ജപമാല. ഓരോ ജപമാലയിലൂടെയും പരിശുദ്ധ അമ്മയുടെ കൈപിടിച്ച് നാം സുവിശേഷത്തിലൂടെ യാത്ര ചെയ്യുന്നു. കുടുംബ പ്രാർത്ഥനകളിലെ ജപമാലഭക്തിയും വിശ്വാസത്തിന്റെ ഏറ്റുപറച്ചിലുകളും നമുക്ക് ഒരു നിമിഷം കൊണ്ട് ഉണ്ടായതല്ല. പിന്നെയോ ഈ പരമചൈതന്യം കാലങ്ങളായി ക്രൈസ്തവ വിശ്വാസത്തിന്റെ മൂല്യങ്ങളെ പകർന്നു നൽകിയ സഭാപാരമ്പര്യങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും വന്നുചേർന്നതാണ്. ഇന്നും മരിയൻപ്രത്യക്ഷീകരണങ്ങളിലൂടെ അമ്മമാതാവ് സഭയോടും ജനങ്ങളോടും പറയാൻ ആഗ്രഹിക്കുന്ന സന്ദേശങ്ങളും വെളിപാടുകളും നമ്മോടുള്ള അനന്ത സ്നേഹത്തിന്റെ ഓർമ്മപ്പെടുത്തലുകളാണ്. ആ ഓർമ്മപ്പെടുത്തലുകൾ ആകട്ടെ നിത്യജീവൻ എന്ന സൗഭാഗ്യവും. മാതാവിന്റെ ഓരോ പ്രത്യക്ഷീ കരണങ്ങളും സംഭവസ്ഥലങ്ങളിൽ സന്നിഹിതരാകുന്ന മുഴുവനാളു കൾക്കും കാണാൻ കഴിയുന്നില്ല, ചിലർക്കു മാത്രമേ കാണാൻ കഴിയുന്നുള്ളു. ഇതും നമ്മെ ആഴത്തിലുള്ള വിചിന്തനത്തിലേക്ക് നയിക്കേണ്ടിയിരിക്കുന്നു. ഭക്തിസാന്ദ്രമായ കുടുംബാന്തരീക്ഷങ്ങളും പരിശുദ്ധ കുർബാനയിലുള്ള സജീവ പങ്കാളിത്തവും കൗദാശിക ജീവിതവും എല്ലാം കൂടുതൽ വെളിച്ചമേകാനും പരിശുദ്ധ അമ്മയോടുള്ള ഭക്തിയാൽ കൂടുതൽ തെളിമയുള്ളവരായി ജീവിക്കുവാനും നമ്മെ സഹായിക്കുന്നുണ്ട് .ഇതിനെല്ലാം നിരന്തരം കരുത്ത് പകർന്നു കൊണ്ടിരിക്കുന്നതാണ് ജപമാലയുടെ ഓരോ രഹസ്യങ്ങളും. അമ്മ മാതാവിനോടുള്ള ഭക്തി നമ്മുടെയും മുന്നോട്ടുള്ള ജീവിതത്തിൽ മറ്റൊരു പ്രത്യക്ഷീകരണത്തിന്

കാരണമാകും എന്നത് തീർച്ചയാണ്.അങ്ങനെ വിശ്വാസത്തിലുള്ള ആഴപ്പെടലുകളിലൂടെ നിത്യജീവിതത്തിലേക്ക് വഴിപ്പെടാൻ നാം സദാ ജാഗരൂകരായിരിക്കണം.അതിനുള്ള ഏറ്റവും എളുപ്പവഴിയും ജപമാലയോടുള്ള ഭക്തിയും ആഴത്തിലുള്ള വിശ്വാസവും തന്നെ.

ഓരോ ജപമാലയിലൂടെയും നാം രഹസ്യങ്ങളെ ധ്യാനിക്കുമ്പോൾ, രക്ഷകനെ കണ്ടെത്തുന്നതിന് പരിശുദ്ധ അമ്മയുടെ ഹൃദയം തുറന്ന അതേ പരിശുദ്ധാത്മാവ് നമ്മുടെയും ഹൃദയം തുറന്ന് അഭിഷേകം ചെയ്യുന്നു. അങ്ങനെ ജപമാലയിലൂടെ അഭിഷേകം ചെയ്യപ്പെടുന്ന വിശ്വാസികളുടെ ശക്തിയാണ് കത്തോലിക്ക ആത്മീയതയുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത.

ഓരോ ക്രിസ്ത്യാനിക്കും ക്രിസ്തുവിന്റെ ജീവിതത്തെ ധ്യാനമായി കണ്ടു ജീവിച്ചു തീർക്കുവാൻ കഴിയണം. ഇത് അപൂർവങ്ങളിൽ അപൂർവമായി കാണപ്പെടുന്ന സൗഭാഗ്യങ്ങളിൽ ഒന്നാണ്. എന്നാൽ ജപമാലയുടെ ഓരോ രഹസ്യത്തിന്റെയും തത്വങ്ങളെ ദൈനംദിന ജീവിതത്തിൽ പ്രയോഗിച്ചും പ്രാവർത്തികമാക്കിയും ജീവിക്കുന്നതിലൂടെ അത് എളുപ്പത്തിൽ സാധ്യമാകും. അപ്രകാരം മുന്നോട്ടു പോകുന്ന ഒരു വിശ്വാസിക്ക് ഇന്നിന്റെ പ്രതിസന്ധികളെ മറികടക്കുവാനുള്ള ഏറ്റവും നല്ല ആയുധമായി ജപമാല മാറുന്നു.. ജപമാലയോടുള്ള ഭക്തിയും തീഷ്ണതയും നമ്മെ വിശുദ്ധിയോടെ ജീവിക്കാനും ബഹുമാന ത്തോടെ അപരനെ കാണാനും പഠിപ്പിക്കുന്നു. ഒരുവനോട് നീതിപുലർത്തുക എന്നതിലപ്പുറം കരുണ കാണിക്കുക എന്നതായിരിക്കണം നമുക്ക് മാതാവ് കാട്ടിത്തരുന്ന വെളിച്ചം. ഇത് വ്യക്തികളുടെ ജീവിതത്തിൽ അവരെ പുത്രനോട് അനുരൂപ പ്പെടുവാനും ഇടയാക്കുന്നു.

ജപമാല ലോകത്തിന്റെ തിന്മകൾക്കെതിരെയുള്ള ആയുധമാണ്, ജപമാല ചൊല്ലുന്ന ഒരു വ്യക്തിക്ക് അവന്റെ തെറ്റുകൾ അറിയുവാനും തിരുത്തുവാനും മനസ്സാക്ഷിയെ ശരിയാവണ്ണം ക്രമപ്പെടുത്തുവാനും കഴിയുന്നു.പരിശുദ്ധ കുർബാനയും കൂദാശകളും കഴിഞ്ഞാൽ സാർവത്രിക സഭയിൽ ഏറ്റവും വ്യാപകമായ ജനകീയ പ്രാർത്ഥനയും ജപമാലയാണ്. ജപമാലയുടെ ഓരോ രഹസ്യവും ദൈവരഹസ്യം ഏറ്റുപറച്ചിൽ ആണെന്ന ഉത്തമ ബോധ്യം സദാ നമ്മെ ഭരിക്കണം. അതുവഴി പരിശുദ്ധ അമ്മയെ പോലെ ഇതാ കർത്താവിന്റെ ദാസി, നിന്റെ ഹിതം എന്നിൽ നിറവേറട്ടെ എന്ന് പ്രത്യുത്തരം നൽകുവാൻ ഓരോ വിശ്വാസിക്കും കഴിയണം. ജപമാലയോടുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിത പ്രതിസന്ധികളെ ശക്തമായി നേരിടുവാൻ പരിശുദ്ധ അമ്മ നമ്മെ

സഹായിക്കും. അങ്ങനെ അമ്മയുടെ വിമല ഹൃദയത്തോട് താദാത്മ്യപ്പെടാനുള്ള പ്രത്യേക കൃപയും നമുക്ക് ജപമാലയിലൂടെ ലഭിക്കുന്നുണ്ട്.

ഓരോ രഹസ്യത്തിനു ശേഷവും ചൊല്ലുന്ന 'ഓ എന്റെ ഈശോയെ' എന്ന പ്രാർത്ഥന 1917 ഫാത്തിമയിൽ കന്യകാ മാതാവ് പ്രത്യക്ഷപ്പെട്ട കുട്ടികളെ പഠിപ്പിച്ചതാണ്. കുട്ടികളെ അത് പഠിപ്പിക്കുക വഴി മക്കൾ ദൈവത്തിന്റെ അനുഗ്രഹമാണെന്ന് കൂടി മാതാവ് ഓർമിപ്പിക്കുന്നു. ദൈവാനുഗ്രഹം കുടുംബങ്ങൾക്ക് ലഭ്യമാകാൻ ജപമാല ഭക്തിയെക്കാൾ നല്ലതായി മറ്റൊന്നുമില്ലായെന്നു പന്ത്രണ്ടാം പിയൂസ് മാർപാപ്പ അഭിപ്രായപ്പെട്ടിട്ടുണ്ട്. പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതവുമായി ഓരോ ക്രിസ്ത്യാനിയുടെയും ജീവിതത്തെ ബന്ധിക്കുന്ന അദൃശ്യ ശക്തിയായി ജപമാല ഭക്തി നിലകൊള്ളുന്നു. വിശുദ്ധ 'പാദ്രേ പിയോ'– നമ്മോട് ഇപ്രകാരം പറഞ്ഞു വയ്ക്കുന്നു: ' പരിശുദ്ധ കന്യകാമറിയത്തിന്റെ അടുക്കലേക്ക് പോവുക, അവളെ സ്നേഹിക്കുക, നിങ്ങൾക്ക് സാധിക്കുമ്പോഴൊക്കെ ഭക്തിപൂർവ്വം ജപമാല ചൊല്ലുക, അങ്ങനെ പ്രാർത്ഥനയുടെ ആത്മാക്കൾ ആവുക, അത് നമുക്ക് ആവശ്യമായ അനുഗ്രഹങ്ങൾ നേടിത്തരുന്നു'. ഈയൊരു വിശ്വാസത്തിന്റെ ആഴം നമ്മിൽ രൂപപ്പെടുന്നതോടെ നാം അമ്മ മാതാവിനോടും രക്ഷകനായ യേശുവിനോടുമൊപ്പമുള്ള രക്ഷാകര ദൗത്യത്തിൽ ഭാഗഭാക്കുകൾ ആയിതീരുന്നു. അതോടെ നമ്മുടെ ഭൗതിക ജീവിതത്തിന്റെ കെട്ടുകൾ അഴിയുകയും നിത്യജീവന്റെ വിശ്വാസത്തിലേക്കുള്ള ആഴപ്പെടൽ രൂപപ്പെടുകയും ചെയ്യുന്നു. ജീവിതത്തിലെ പ്രതിസന്ധികളെയും കഠിനമായ പരീക്ഷണങ്ങളെയും ഫലപ്രദമായി അതിജീവിക്കുവാനും ലോകമോഹങ്ങളിൽ നിന്ന് വിട്ടുനിൽക്കുവാനും നിത്യതയെപ്പറ്റി കൂടുതൽ കൂടുതൽ ചിന്തിക്കുവാനും അത് നമ്മെ സഹായിക്കും. അങ്ങനെ പരിശുദ്ധ അമ്മയുടെ കൈപിടിച്ച് ഈശോയുടെ ജീവിതത്തിലൂടെ നടത്തുന്ന തീർത്ഥയാത്രയായി നമ്മുടെ ജീവിതങ്ങളെ നമുക്ക് സമർപ്പിക്കാം. അമ്മ മാതാവിനോടുള്ള ഭക്തി നമ്മുടെ ജീവിതത്തിൽ മറ്റൊരു പ്രത്യക്ഷീകര ണത്തിന് കാരണമാകട്ടെ എന്നും ധാരാളം അനുഗ്രഹങ്ങൾക്കും വിശ്വാസത്തിലുള്ള ആഴപ്പെടലുകൾക്കും അതുവഴി നിത്യജീവ നിലേക്ക് കൈപിടിച്ചു യരുന്നതിനും ഇടയാകട്ടെ എന്ന് പ്രാർത്ഥി ക്കുകയും ചെയ്യാം. പരിശുദ്ധ ജപമാല രാജ്ഞി ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.



**ശോഭ ടോം**



# Baptism പുതുപൂക്കൾ

***ക്രിസ് തോമസ് സിജോ***
S/o സിജോ & ആതിര
കുരികിലാംകാട്ടിൽ
01.04.2024

***അഷർ ആഷ്മി***
S/o ആഷ്മി & ശില്പ
കണ്ടത്തിൽ
09.07.2024

***തോമസ് (നോഹ് വിവേക്)***
S/o വിവേക് & ലയന
കുറിച്ചിയേൽ
10.04.2024

***റോസലിൻസ്***
D/o ജെഫിൻ & ലാൻസി
പേരയ്ക്കാട്ടുപൊതിയിൽ
13.4.2024

***ഐറിൻ ട്രീസ്***
D/o സന്തോഷ് & കൊച്ചുറാണി
മാരിപ്പുറത്ത്
13.04.2024

***റയാൻ വർഗീസ്***
S/o റോബിൻ & ആൽബി
ഇലഞ്ഞിമണ്ണിൽ
15.04.2024

***ജോഷ്വ***
D/o റിനോ & അർഷാമോൾ
കരിക്കാട്ടുകണ്ണിയേൽ
24.04.2024

***തോമസ് (ജുവാൻ)***
S/o ലിജോ & അമ്പിളി
കളപ്പുരയ്ക്കപ്പറമ്പിൽ
29.04.2024

***ഐറിൻ പ്രശാന്ത്***
D/o പ്രഭാത് & ജെസ്ന
മറ്റത്തിനാനിക്കൽ
01.05.2024

***ഹെസ്‌ലിൻ ആന്റണി***
D/o ആന്റണി & സൗമ്യ
പടിയ്ക്കൽ
16.05.2024

***അൽക്കമരിയ***
D/o സജീഷ് & സ്റ്റെമി
ആലപ്പാട്ട്
16.05.2024

***റെയ്ച്ചൻ മരിയ പ്രവീൺ***
D/o പ്രവീൺ & അനില
പുളിച്ചമാക്കൽ
25.05.2024

***എമ്മാനുവൽ (അയാൻ ഷെയ്സ്)***
S/o ഷെയ്സ് & അഞ്ജു
താളംപ്ലാക്കൽ
25.05.2024

***എമ്മ അബ്രാഹം***
D/o എബി & സുനി
ഞള്ളിമാക്കൽ
13.06.204

***മാത്യു (ജെൻഡ്രിക്)***
S/o ആൻവിൻ & മഞ്ജുമോൾ
നോബിൽ
15.06.2024

***അക്ഷിത***
D/o റിജോ & അഷിത
കരിക്കാട്ടുകണ്ണിയേൽ
02.07.2024





# സ്വർഗീയ ഭവനത്തിൽ

| | |
|---|---|
| ജോസഫ് (അപ്പച്ചൻ) പെരുമ്പുഴ | 23.03.2023 |
| ത്രേസ്യാമ്മ കവുന്നുകാട്ടിൽ | 27.08.2024 |
| ത്രേസ്യമ്മ മാണി കുറ്റിക്കൽ | 02.04.2024 |
| മോളിവർക്കി പൊങ്ങൻപാറ | 03.04.2024 |
| ഉലഹന്നാൻ പാറത്താനത്ത് | 14.04.2024 |
| മൈക്കിൾ എസ്തപ്പൻ പുത്തൻപുരയ്ക്കൽ | 14.04.2024 |
| ജൂഡ്‌വിൻ ഷൈജു മറ്റത്തിനാനിയ്ക്കൽ | 20.04.2024 |
| സൂസമ്മ ദേവസ്യ മുകളേൽ | 29.04.2024 |
| ജോർജ് വഴക്കുഴ | 30.04.2024 |
| തോമസ് കുഴിമുള്ളിൽ | 09.05.2024 |
| അന്നമ്മ ദേവസ്യ തയ്യിൽ | 09.05.2024 |
| റിജോയി ജോസ് | 14.05.2024 |
| ജോസഫ് കാട്ടിപ്പീടികയിൽ | 18.05.2024 |
| ബേബി പള്ളിപ്പറമ്പിൽ | 23.05.2024 |
| ചാക്കോ കുരന്ത്യാനം | 03.06.2024 |
| ആഗസ്തി മുതുപ്ലാക്കൽ | 04.06.2024 |
| മേരിക്കുട്ടി കുഴിവേലിൽ | 12.06.2024 |
| ജോൺ മുതുപുന്നയ്ക്കൽ | 12.06.2024 |
| വർക്കി ആലപ്പാട്ടുകുന്നേൽ | 24.06.2024 |
| ചാക്കോച്ചൻ മണിയങ്ങാട്ട് | 26.06.2024 |
| ത്രേസ്യാമ്മ ആലപ്പാട്ടുകുന്നേൽ | 08.07.2024 |
| മറിയക്കുട്ടി ജോസ് പൂവേലിൽ | 22.07.2024 |



# നവദമ്പതികൾ

**ജോർജ് (ദിലീപ്)**
S/o ചാക്കോ & മേരി
പെരുവിളയിൽ
ചെമ്പേരി

**തെരേസ (ഫെമി)**
D/o ആന്റണി & കൊച്ചുത്രേസ്യ
മുഞ്ഞോലി
മരോൾ, കല്യാൺ

**15.04.2024**

**അഗസ്റ്റ്യൻ (ജിസ്മോൻ)**
S/o ജോസഫ് & സിസിലി
ഓതറയിൽ
ചെമ്പേരി

**അൽഫോൻസ (ഡയാന)**
D/o സണ്ണി & സോളി
മണ്ണൂർ, ചെമ്പേരി

**20.04.2024**

**വർഗ്ഗീസ് രഞ്ജിത്ത്**
S/o മാത്യു & ലൂസി
പുതുപ്പമ്പിൽ
ചെമ്പേരി

**ആലീസ് (സീന)**
D/o ജോസ് & ഏലിക്കുട്ടി
കാനാട്ട്, മണിക്കടവ്

**23.05.2024**

**മാത്യു (സിനേഷ്)**
S/o ചാക്കോ & മേരി
പുളിക്കൽ
ചെമ്പേരി

**ട്രീസ (ട്വിങ്കിൾ)**
D/o മത്തായി & ആനി
ആനിക്കാട്ട്
ചേരുംകുഴി

**03.06.2024**

**മൈക്കിൾ (അലൻ)**
S/o ജോയി & ഷീല
മണിമല
ചെമ്പേരി

**മേരി (അഞ്ജലി)**
D/o ഫ്രാൻസീസ് & ലിസി
പാലക്കാട്

**17.06.2024**

**സെബാസ്റ്റ്യൻ (മിലൻ)**
S/o സെബസ്റ്റ്യൻ & അന്നമ്മ
ചക്കാലയ്ക്കൽ
കണിയാരം

**തെരേസ് (അഷിത)**
D/o ജിജി & മിനി
കൊന്നക്കൽ
ചെമ്പേരി

**15.01.2024**

**ജോസഫ് (ബിവിൻ)**
S/o ബേബി & സിൽവി
ഐക്കര
പാലക്കയം, പാലക്കാട്

**മേരി (മിലൻ)**
D/o മാത്യു & മേരി
കുന്നത്തുശേരിൽ
ചെമ്പേരി

**29.01.2024**



# നവദമ്പതികൾ

**അബ്രാഹം**
S/o ജോസഫ് & റോസമ്മ
മണ്ണംപ്ലാക്കൽ
എരുമേലി

**മേരി (ജോത്സന)**
D/o ജോസഫ് & മേരി
പേരയ്ക്കാട്ടുപൊതിയിൽ
ചെമ്പേരി

**13.04.2024**

**കുര്യൻ (ജിബിൻ)**
S/o ജോസ് & സുജ
ഇടയോട്ടിയിൽ
കള്ളാർ

**എലിസബത്ത് (അരുണിമ)**
D/o ജിജോ & ഡെയ്സി
പള്ളിപ്പറമ്പിൽ
ചെമ്പേരി

**11.04.2024**

**വർഗ്ഗീസ് (ഷെബിൻ)**
S/o രാജു &ആലീസ്
കല്ലിങ്കൽ
ചെമ്പന്തൊട്ടി

**അമല (വിസ്മയ)**
D/o വിൻസന്റ് & റീന
തയ്യിൽ
ചെമ്പേരി

**18.04.2024**

**സൈമൺ(നവീൻ)**
S/o പൗലോസ് & സെലിൻ
നന്ദിക്കാട്ടിൽ
ചെമ്പന്തൊട്ടി

**എലിസബത്ത് (ഷെൽന)**
D/o ജോസ് & സാലി
ഐക്കരയിൽ
ചെമ്പേരി

**18.04.2024**

**ജോസഫ് (എൽബിൻ)**
S/o ജോസഫ് & എലിസബത്ത്
കൊല്ലമന
ചെമ്പന്തൊട്ടി

**എലിസബത്ത് (അഞ്ജുമോൾ)**
D/o ബാബു & ജെസ്സി
പാനൂച്ചിറ
ചെമ്പേരി

**25.04.2024**

**തോമസ് (എബിൻ)**
S/o കുരുവിള & അഗസ്റ്റീന
മറ്റത്തിൽ
പെരുമ്പുന്ന

**എലിസബത്ത് (എബിലിൻ)**
D/o ജോയി & ആൻസി
കൂട്ടുങ്കൽ
ചെമ്പേരി

**06.05.2024**

**ജോർജ് (ഷിന്റോ)**
S/o ദേവസ്യ & റോസമ്മ
പുളിക്കപ്പടവിൽ
പടുപ്പ്

**മേരി (അഞ്ജു)**
D/o തങ്കച്ചൻ & ഗ്രേസി
കക്കാട്ടിൽ
ചെമ്പേരി

**20.05.2024**



# നവദമ്പതികൾ

**മാർട്ടിൻ (ജിന്റോ)**
S/o തോമസ് & ലാലി
കാട്ടയത്ത്
മംഗളം, മാനന്തവാടി

**മേരി (അഞ്ജു)**
D/o ആന്റണി & ഷാന്റി
പൊട്ടനാനിയിൽ
ചെമ്പേരി

**27.05.2024**

**ആന്റണി (നിഖിൽ)**
S/o അഗസ്തിനോസ് & മറിയാമ്മ
പുത്തൻവീട്
വലിയ കലവൂർ

**മരീന (അൻസല)**
D/o തോമസ് & ജാൻസി
കുറ്റിക്കൽ
ചെമ്പേരി

**08.06.2024**

**ജോസഫ് (അഖിൽ)**
S/o മാത്യു & ജെസ്സി
ഒറീത്തയിൽ
വായാട്ടുപറമ്പ്

**മരീന (അൻസല)**
D/o ജോയി & മോളി
മണ്ണാപറമ്പിൽ
ചെമ്പേരി

**13.06.2024**

**സെബാസ്റ്റ്യൻ (ജോയൽ)**
S/o മാത്യു & ത്രേസ്യ
പൈകാവുങ്കൽ
തോമാപുരം

**കൊച്ചുത്രേസ്യ (അഞ്ജു)**
D/o ബോബി & സിസിലി
ഞള്ളിമാക്കൽ
ചെമ്പേരി

**17.06.2024**

**ജോനാഥ്**
S/o ജോർജ് & ആലീസ്
പറയന്തറ
മാമംഗലം, വാരാപ്പുഴ

**ക്ലാര (അലീന)**
D/o ജെയിംസ് & ജെസ്സി
മൂന്നാനപ്പള്ളിൽ
ചെമ്പേരി

**07.07.2024**

**ക്രിസ്റ്റി**
S/o സണ്ണി & പുഷ്പ
നമ്പ്യാപമ്പിൽ
പാണത്തൂർ

**ബ്രിജിത്ത് (ഐറിൻ)**
D/o ജിജി & മിനി
കൊന്നക്കൽ
ചെമ്പേരി

**15.07.2024**